# പ്രതിമകൾ, ചിത്രങ്ങൾ, ഫോട്ടോകൾ ഇസ്‌ലാമിൽ അവയുടെ വിധിയെന്ത്?

മൗ. സയ്യിദ് സുലൈമാൻ നദ്‌വി

**ഇന്ത്യയിൽ** മാത്രമല്ല മുസ്‌ലിം ലോകത്തുടനീളം മതപണ്ഡിതന്മാർക്കിടയിൽ ഈ പ്രശ്നം ചർച്ചാവിഷയമായിട്ടുണ്ട്. ഈജിപ്തിലെ പണ്ഡിതന്മാരിൽ മർഹൂം മുഹമ്മദ് അബ്ദു അത് അനുവദനീയമാണെന്ന് വിധി നല്കിയിരിക്കുന്നു. പക്ഷെ, ബിംബാരാധനയുടെ പരിധിയിൽനിന്നു പുറത്തായിരിക്കണമെന്ന ഉപാധിയോടെ. അല്ലാമാ സയ്യിദ് റഷീദ് രിളായും 'അൽമനാറി' ലെ വിവിധ ഫത്‌വകളിൽ അത് അനുവദിച്ചിട്ടുണ്ട്.

ഇന്ത്യയിൽ ഒരു പണ്ഡിതനും സ്വതന്ത്രമായി ഈ വിഷയം ചർച്ച ചെയ്തിട്ടില്ലെങ്കിലും പൊതുവെ പണ്ഡിതന്മാർക്കിടയിൽ ഇത് അനുവദനീയമല്ല എന്ന അഭിപ്രായമാണുള്ളത്. ഹസ്രത്ത് സുലൈമാൻ നബിയുടെ കൊട്ടാരത്തിൽ പ്രതിമകളും ചിത്രങ്ങളും ഉണ്ടായിരുന്നുവെന്നതിനാൽ ഇവ നിരുപാധികം അനുവദനീയമാണെന്ന് മൗലവി ചിറാഗ് അലി അഭിപ്രായപ്പെടുന്നു. ഇവ്വിഷയകമായി ഇന്ത്യയിൽ കൂടുതൽ ആശയക്കുഴപ്പമുണ്ടാക്കാൻ മറ്റൊരു കാരണവുമുണ്ടായി. കൽക്കട്ടയിൽനിന്നു പുറപ്പെടുന്ന 'അൽഹിലാൽ' പത്രത്തിന്റെ ഒരു വശത്ത് ശരീഅത്തിനെ പിൻതുടരാനും ഖുർആനും സുന്നത്തുമനുസരിച്ച് പ്രവർത്തിക്കുവാനും ആഹ്വാനമുണ്ടായിരിക്കെ മറുവശത്ത്, വർണ്ണോജ്വല ചിത്രങ്ങളുടെ ആൽബമുണ്ടായിരുന്നു.

ചിത്രങ്ങളും ഫോട്ടോകളും നൂതന സംസ്കാരത്തിന്റെ അവിഭാജ്യഘടകമായിരിക്കുന്നു. മാത്രമല്ല, പ്ലേറ്റോവിന്റെ ആദർശലോകത്തേക്കാൾ സംഭ്രമജനകവും വിശാലവുമായ ഒരു പത്രലോകം തന്നെ നമ്മുടെ ഭൗതികലോകത്തിനു പുറമെ ഉണ്ടായിട്ടുണ്ടെന്നു പറയാം. ആദർശലോകം കേവലം തത്വങ്ങളുടെ നിവാസഗേഹമാണ്. എന്നാൽ നമ്മുടെ ചിത്രലോകം തത്വങ്ങളുടെയും വിശദാംശങ്ങളുടെയും വാസസ്ഥലമാണ്.

ചിത്രരചനയുടെ ആവിർഭാവത്തിന് കാരണമെന്ത്? നശ്വരനായ മനുഷ്യന്റെ അനശ്വരനാവാനുള്ള ആഗ്രഹവും ദൃഷ്ടിഗോചരമല്ലാത്ത അസ്തിത്വങ്ങളെ ദർശിക്കാനുള്ള അഭിലാഷവുമാണിതിന് കാരണം. അതിശക്തരും മഹാബലവാന്മാരുമായ മനുഷ്യരും ജീവിച്ചു മരിച്ചുപോവുന്നു. അവരൊരിക്കലും തങ്ങളിൽനിന്നു വേർപെടരുതെന്നും കൺമുമ്പിൽതന്നെ നിലനിൽക്കണമെന്നുമാണ് ആത്മാഭിലാഷം. അതിന് വഴിയെന്ത്? തങ്ങളുടെ കൺകളിൽ അവരെ പ്രതിബിംബിക്കുന്ന പ്രതികരണങ്ങളുണ്ടാക്കുക എന്നതുതന്നെ. ഇവിടെമുതലാണ് വീരാരാധന ഉടലെടുക്കുന്നത്.

ദേവതകളെ പൂജിക്കുന്ന പാമരജനങ്ങൾ അവർ തങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടണമെന്ന് ആഗ്രഹിച്ചിരുന്നു. എങ്കിൽ അവരെ പരിചരിക്കുകയും അവരുടെ ദർശനത്താൽ ആത്മനിർവൃതിയടയുകയും ചെയ്യാം. അവരുടെ പ്രതിമകൾ വീടുകളിലുണ്ടായാൽ അപകടങ്ങളിൽനിന്നും വിപത്തുകളിൽ നിന്നും സുരക്ഷിതത്വമുണ്ടാകും. അവരുടെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കാം. അവരെ ദൈവനാമത്തിൽ അനുസ്മരിക്കാം. അവരുടെ രൂപം കണ്ട് മനശ്ശാന്തി പുൽകാം. കല്ല്, മണ്ണ്, സ്വർണ്ണം, വെള്ളി എന്നിവകൊണ്ടോ മറ്റോ നമ്മുടെ ഭാവനക്കനുസരിച്ച് അവരുടെ പ്രതിമകൾ ഉണ്ടാക്കിവെക്കാം.

ലോകത്തിന്റെ മാർഗഭ്രംശത്തിനും അപഥ സഞ്ചാരത്തിനും ബിംബാരാധനക്കും പുരാതനകാലത്ത് വഴിവെച്ചത് ഇതേ സംഗതിയാണ്. ഇന്ത്യയും ഈജിപ്തും ബാബിലോണിയയും ചൈനയും ഗ്രീസും അപഥ സഞ്ചാരത്തിന്റെ മുമ്പിലുണ്ടായിരുന്നു. ബുദ്ധന്റെ കാലഘട്ടമാണ് ഇന്ത്യയിൽ പ്രതിമാനിർമാണത്തിന്റെ സുവർണദശ. ഇന്ന് ശിലാ പ്രതിമകളുടെ രൂപത്തിൽ കാണപ്പെടുന്ന സ്മാരകങ്ങളിൽ മിക്കതും ആ കാലത്തിന്റെ സൃഷ്ടിയാണ്. ബുദ്ധമതക്കാർ ദൈവവിശ്വാസികൾ പോലുമല്ലെങ്കിലും ബുദ്ധന്റെ ചിത്രങ്ങളും പ്രതിമകളും കൊണ്ട് ഇന്ത്യയിലെ പർവതങ്ങളും ഗുഹകളും കെട്ടിടങ്ങളും നിറഞ്ഞിരിക്കുന്നുവെന്നത് വിചിത്രം തന്നെ. ബുദ്ധന്റെ രൂപത്തിൽ ദൈവത്തിന്റെ പ്രത്യക്ഷീഭാവമാണവർ ദർശിക്കുന്നതെന്ന് തോന്നുന്നു.

ഇതേ കാരണങ്ങളാലാണ് യഥാർഥമതങ്ങളെല്ലാം ബിംബനിർമാണവും ചിത്രരചനയും നിരോധിക്കുന്നതും മനുഷ്യന്റെ ഒരു നീചപ്രവർത്തിയായി അത് കാണുന്നതും. തൗറാത്തിൽ(പഴയനിയമം) ഇങ്ങനെ പറ

യുന്നു:

"വിഗ്രഹങ്ങളുടെ അടുക്കലേക്ക് തിരിയരുത്. ദേവന്മാരെ നിങ്ങൾ വാർത്തുണ്ടാക്കരുത്. ഞാൻ നിങ്ങളുടെ ദൈവമായ യഹോവയാകുന്നു."

(ലേവ്യ പുസ്തകം 19.4)

അതേ പുസ്തകത്തിലെ 26–ാം അധ്യായത്തിൽ ഇതേ ആശയം കൂടുതൽ വിശദീകരിക്കപ്പെട്ടിരിക്കുന്നു.

''വിഗ്രഹങ്ങളെ ഉണ്ടാക്കരുത്. ബിംബമോ സ്തംഭമോ നാട്ടരുത്. രൂപം കൊത്തിയ യാതൊരു കല്ലും നമസ്കരിപ്പാൻ നിങ്ങളുടെ ദേശത്ത് നാട്ടുകയും അരുത്. ഞാൻ നിങ്ങളുടെ ദൈവമായ യഹോവയാകുന്നു." (26.1)

ആവർത്തന പുസ്തകത്തിൽ: "ശില്പിയുടെ കൈപ്പണിയായി യഹോവക്ക് അറപ്പായ വല്ല വിഗ്രഹത്തെയും കൊത്തിയോ വാർത്തോ ഉണ്ടാക്കി രഹസ്യത്തിൽ പ്രതിഷ്ഠിക്കുന്നവൻ ശപിക്കപ്പെട്ടവൻ."(27.15)

സങ്കീർത്തനത്തിൽ:''വിഗ്രഹങ്ങളെ സേവിക്കയും ബിംബങ്ങളെ പ്രശംസിക്കയും ചെയ്യുന്നവരൊക്കെ ലജ്ജിച്ചുപോകും. സകല ദേവന്മാരുമായുള്ളോരെ, അവനെ നമസ്കരിപ്പിൻ." (97.7)

സെമിറ്റിക് വർഗത്തിലെ എല്ലാ പഴയമതങ്ങളിലും ബിംബാരാധനയും പ്രതിമാനിർമാണവും നിഷിദ്ധമായിരുന്നുവെന്ന് ഈ ഉദ്ധരണികൾ വ്യക്തമാക്കുന്നു. അവരുടെ പ്രവാചകന്മാരെല്ലാം അതു നിഷിദ്ധമാക്കിയിട്ടുണ്ട്. എങ്കിലും ബിംബാരാധനക്ക് വഴിവെക്കാതെ പ്രതിമകളും ചിത്രങ്ങളും, അല്ലെങ്കിൽ ദേവന്മാരുടെയോ ദേവികളുടെയോ അല്ലാത്തവ, ഉപയോഗിക്കുന്നത് ഇസ്റാഈല്യരുടെ മതത്തിൽ അനുവദനീയമായിരുന്നു. മേലുദ്ധരിച്ച തൗറാത്ത് വചനങ്ങളിൽ നിന്നും സുലൈമാൻ നബിയുടെ ചരിത്രത്തിൽനിന്നും ഇതിന് സ്ഥിരീകരണം സിദ്ധിക്കുന്നുണ്ട്.

സുലൈമാൻ നബി(അ) നിർമിച്ച രാജധാനികളിലെയും കോട്ടകളിലെയും ബൈത്തുൽ മഖ്ദിസിലെയും കവാടങ്ങളിലും ഇരിപ്പിടങ്ങളിലും മറ്റ് സ്ഥലങ്ങളിലും കാളകളുടെയും നരികളുടെയും മാലാഖമാരുടെയും ചിത്രങ്ങളും പ്രതിമകളും സ്ഥാപിച്ചിരുന്നു. രാജാക്കന്മാർ ഒന്നാം പുസ്തകത്തിൽ:

''അത് (ക്രിത്രിമ തടാകം) പന്ത്രണ്ടു കാളയുടെ പുറത്തു വെച്ചിരുന്നു.....ചട്ടങ്ങളിൽ ഇട്ടിരുന്ന പലകമേൽ സിംഹങ്ങളും കാളകളും കെരൂബുകളും ഉണ്ടായിരുന്നു....അതിന്റെ താങ്ങുകളുടെ തട്ടുകളിലും വക്കുകളിലും അതിൽ ഇടം ഉണ്ടായിരുന്നതുപോലെ അവൻ കെരൂബ്, സിംഹം, ഈന്തപ്പന എന്നിവയുടെ രൂപം ചുറ്റും തോരണപ്പണിയോടുകൂടെ കൊത്തി." (അധ്യായം 7)

"പുരോഹിതന്മാർ യഹോവയുടെ നിയമപെട്ടകം അതിന്റെ സ്ഥലത്ത്, ആലയത്തിലെ അന്തർമന്ദിരത്തിൽ അതിവിശുദ്ധ സ്ഥലത്ത്, കെരൂബുകളുടെ ചിറകിൻകീഴെ കൊണ്ടുവന്നു വെച്ചു. കെരൂബുകൾ പെട്ടകത്തിന്റെ സ്ഥലത്തിനു മീതെ ചിറകുവിരിച്ചു പെട്ടകത്തെയും അതിന്റെ തണ്ടുകളുടെയും മൂടിനിന്നു." (8–6, 7)

ഖുർആൻ ഇതേ സംഭവം ഇങ്ങനെ വിവരിക്കുന്നു. 'പള്ളികൾ, പ്രതിമകൾ, വെള്ളത്തടാകം പോലുള്ള വലിയ പാത്രങ്ങൾ, ഉറപ്പിച്ചു വെച്ചിരിക്കുന്ന വലിയ പാചകപാത്രങ്ങൾ– ഇങ്ങനെ ഉദ്ദേശിക്കുന്നതെല്ലാം അവരദ്ദേഹത്തിന് ഉണ്ടാക്കിക്കൊടുക്കുന്നു' (അസ്സബഅ് 13).

ഇഞ്ചീലിൽ (പുതിയനിയമം) ചിത്രങ്ങളോ പ്രതിമകളോ നിരോധിച്ചുകൊണ്ടുള്ള യാതൊരു പരാമർശവുമില്ല.അതിന്നാവശ്യവുമില്ല. കാരണം തൗറാത്തിലെ എല്ലാ നിയമങ്ങളും സശിരകമ്പം സമ്മതിക്കുകയും അതിലെ വിധിവിലക്കുകളെ ഏറ്റപ്പറ്റില്ലാതെ സ്ഥിരീകരിക്കുകയും ചെയ്യുന്നതാണ് ഇഞ്ചീൽ. പക്ഷെ റോമക്കാരുടെയും ഈജിപ്തുകാരുടെയും ക്രിസ്തുമതസ്വീകരണാനന്തരം മതത്തിൽ വരുത്തിയ മാറ്റത്തിരുത്തലുകളുടെ ഫലമായി അവരിൽ അവശേഷിച്ചിരുന്ന വിഗ്രഹാരാധനയുടെ സ്വാധീനം മതപരിവർത്തനത്തിന് ശേഷവും നിലനിന്നു. മുമ്പ് ദേവീദേവന്മാരുടെ വിഗ്രഹങ്ങളെയാണ് പൂജിച്ചിരുന്നതെങ്കിൽ ഇപ്പോൾ യേശുവിന്റെയും മറിയമിന്റെയും പരിശുദ്ധാത്മാവിന്റെയും പ്രതിമകളെയാണെന്ന വ്യത്യാസമേയുള്ളൂ. പള്ളികളിലും ദേവാലയങ്ങളിലും പഴയ പ്രതിമകൾക്ക് പകരം മാതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവരുടെ പ്രതിമകൾ സ്ഥലം പിടിച്ചു. അവസാനം റോമൻ കര കൗശല വിദഗ്ധന്മാർ പോലും കൊത്തുവേലക്കും ശില്പവിദ്യക്കും ഈ ചിത്രങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. ഇതൊരു മതപ്രചരണോപാധിയാണെന്നും അവർ മനസ്സിലാക്കി.

വിജ്ഞാനത്തിലും നാഗരികതയിലും മതത്തിലും രാഷ്ട്രീയത്തിലും റോമക്കാരുടെ പ്രതിയോഗികളായ ഇറാനികൾ തങ്ങളുടെ രാഷ്ട്രീയത്തിൽനിന്ന് കയറ്റുമതി ചെയ്യുന്ന ഉല്പന്നങ്ങളിൽ അവരുടെ രാജാക്കന്മാരുടെ ചിത്രങ്ങൾ മുദ്രണം ചെയ്തിരുന്നു. ഇസ്‌ലാമിന് മുമ്പുള്ള അറബികളിലും ബിംബാരാധന ഉത്തുംഗപദവിയിലെത്തിയിരുന്നു. വിഗ്രഹവിധ്വംസകനായ ഇബ്രാഹീം നബിയുടെ ആരാധനാലയം പോലും 360 ബിംബങ്ങളുടെ വാസസ്ഥലമായിരുന്നു. കഅ്ബയുടെ ചുമരുകളിൽ ഇബ്രാഹിം, ഇസ്മാഈൽ, ഈസാ, മറിയം എന്നിവരുടെ വർണ്ണചിത്രങ്ങളുണ്ടായിരുന്നു. ഹിജ്റാബ്ദം 8ൽ മക്ക ജയിച്ചടക്കിയപ്പോൾ നബി(സ) പ്രസ്തുത ബിംബങ്ങളെ അടിച്ചുടക്കുകയും ചിത്രങ്ങളിൽ വെള്ളമൊഴിച്ച് മായ്ച്ച് കളയുകയും ചെയ്തു. അറേബ്യക്ക് പുറത്ത് ഇന്ത്യയിലും തുർക്കിസ്ഥാനിലും ചൈനയിലും മറ്റ് രാജ്യങ്ങളിലും ഏറെക്കുറെ ഇതേ അവസ്ഥതന്നെയായിരുന്നു.

ചുരുക്കത്തിൽ ഇസ്‌ലാമിന്റെ ഉദയാർക്കൻ അറേബ്യയുടെ ചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ടത് ലോകം മുഴുവൻ ബിംബാരാധനയുടെ ഘനാന്തകാരം വ്യാപിച്ചപ്പോഴായിരുന്നു. ഇങ്ങനെയുള്ളൊരു ചുറ്റുപാടിൽ ഏക ദൈവത്തിന്റെ പ്രചാരകനായി ലോകത്തിന്റെ ഏത് കോണിൽ ജനിക്കുന്നവനും പ്രതിമാനിർമാണത്തിന്റെയും ചിത്രമെഴുത്തിന്റെയും നേരെ എന്ത് തീരുമാനമാണെടുക്കുകയെന്ന് ചിന്തിക്കുക. ഇസ്‌ലാമും ചെയ്തത് അത്രമാത്രം. അഥവാ, വിഗ്രഹപൂജയുടെയും മിഥ്യാരാധനയുടെയും എല്ലാ മാർഗങ്ങളും അടച്ചുകളഞ്ഞു.

ഇബ്നു ഉമർ, അബൂത്വഹൽ, അലി, ആഇശ, ഇബ്നു അബ്ബാസ്, അബൂഹുറൈറ മുതൽ പേരിൽനിന്ന് വ്യക്തവും സ്വീകാര്യവുമായ ഹദീസുകൾ ബുഖാരിയിലും മുസ്‌ലിമിലും അബൂദാവൂദിലും മറ്റും വന്നിട്ടുണ്ട്. അവയിൽ നബി(സ) വീടുകളിൽ ചിത്രങ്ങൾ തൂക്കിയിടുന്നത് വിലക്കുകയും ചിത്രകാരന്മാർക്ക് ഗുരുതരമായ താക്കീത് നൽകുകയും ചെയ്തിരുന്നു. എല്ലാ ഹദീസ് ഗ്രന്ഥങ്ങളിലുമുണ്ട് ഇങ്ങനെ ഒരേയിനത്തിലും അർഥത്തിലുമുള്ള ഹദീസുകൾ. ചിത്രരചന പൊതുവായി വിരോധിക്കുന്ന ചില റിപ്പോർട്ടുകൾ കാണുക:

നബി(സ) പ്രസ്താവിച്ചു: 'അന്ത്യദിനത്തിൽ ഏറ്റവും കനത്ത ശിക്ഷ ചിത്രകാരന്മാർക്കായിരിക്കും.' 'നിങ്ങൾ നിർമിച്ചവക്ക് ജീവൻ നൽകുക എന്നവരോട്

പറയും'. 'എന്നെപ്പോലെ സൃഷ്ടികർമ മാരംഭിക്കുന്നവനേക്കാൾ അതിക്രമി ആരെന്ന് അള്ളാഹു ചോദിക്കും. എങ്കി ലവൻ ഒരണുവെങ്കിലും സൃഷ്ടിക്കട്ടെ. അല്ലെങ്കിൽ ഒരു ധാന്യമണി ഉണ്ടാക്കട്ടെ. അല്ലെങ്കിൽ ഒരു ഗോതമ്പുമണി ഉൽപാ ദിപ്പിക്കട്ടെ'. 'അല്ലാഹുവിന്റെ സൃഷ്ടി യോട് സാദൃശ്യമാക്കുന്നവന്നായിരിക്കും അന്ത്യനാളിൽ ഏറ്റവും കനത്ത ശിക്ഷ.'

ഹദീസു ഗ്രന്ഥങ്ങളിൽ ഇതേ അർഥത്തിലുള്ള വേറെയും നബി വച നങ്ങളുണ്ട്. പദങ്ങളിൽ അല്പാല്പം വ്യത്യാസങ്ങളുണ്ടെങ്കിലും ആശയങ്ങ ളെല്ലാം ഒന്നുതന്നെ. കൂടാതെ, 'വല്ല ചിത്രമോ പ്രതിമയോ ഉള്ള വീട്ടിൽ മല ക്കുകൾ പ്രവേശിക്കുകയില്ലെ'ന്ന് നബി(സ) പ്രസ്താവിച്ചഹദീസുകളുമുണ്ട്. വേറെ ചില ഹദീസുകളിൽ നബി(സ) 'ചിത്രങ്ങൾ എവിടെക്കണ്ടാലും അവ നശിപ്പിക്കാനാജ്ഞാപിച്ചിരുന്നു' വെന്നും വിവരിക്കപ്പെട്ടിരിക്കുന്നു. അവയെല്ലാം 'സിഹാഹുസ്സിത്ത' യിൽ സവിശദം പ്രതിപാദിച്ചിട്ടുണ്ട്.

ഇതിന്നെതിരായി ചില ഹദീസുക ളിൽ വേറെ ചില ചിത്രങ്ങളെ നിരോധ ത്തിൽനിന്നൊഴിച്ചു നിർത്തിയതായികാ ണപ്പെടുന്നു. ചിത്രങ്ങളുടെ വസ്ത്ര ങ്ങളും വിരിപ്പുകളും സഹാബികളുടെ വീടുകളിലോ ഉപയോഗത്തിലോ ഉണ്ടാ യിരുന്നുവെന്നും ചില റിപ്പോർട്ടുകളിലു ണ്ട്. ചിത്രങ്ങൾ വിരോധിച്ചിരുന്നതിനെ ക്കുറിച്ച് അവർ ബോധവാന്മാരായിരുന്നു. ജീവനില്ലാത്ത വസ്തുക്കളുടെ ചിത്രം തടയപ്പെട്ടിട്ടില്ലെന്ന് പല സഹാബികളും റിപ്പോർട്ട് ചെയ്യുന്നു. അത് പോലെ വസ്ത്രങ്ങളിൽ ചിത്രമുണ്ടെങ്കിൽ അതു പയോഗിക്കുന്നതും അനുവദിക്കപ്പെട്ടിട്ടു ണ്ട്.

ഇവിടെയെത്തുമ്പോൾ റിപ്പോർട്ടുദ്ധരിക്കുന്നതിനും ഹദീസുപറ യുന്നതിനും പുറമെ കാര്യം ഗ്രഹിക്കു കയും ഗവേഷണം നടത്തുകയുമാണ് വേണ്ടത്. ഹദീസ് പണ്ഡിതരും കർമ ശാസ്ത്രജ്ഞരും ഗവേഷണ പടുക്കളും വൈരുദ്ധ്യം ദൂരീകരിക്കാനും സാക്ഷാൽ പ്രശ്നം വിശദീകരിക്കാനും ഹദീസുക ളുടെ ആശയവും അർഥവും എങ്ങനെ വിവരിച്ചുവെന്ന് നോക്കേണ്ടതാണ്. ഹദീസ് പണ്ഡിതന്മാരുടെയും കർമശാ സ്ത്രഗവേഷകന്മാരുടെയും അഭിപ്രായ ങ്ങളും പ്രസ്താവനകളും ചർച്ച ചെയ്യു ന്നതിനു മുമ്പ് ഇസ്‌ലാമിക നിയമനിർമാ ണത്തിന്റെ ഒരടിസ്ഥാന തത്വം വിവരി ക്കേണ്ടിയിരിക്കുന്നു.

അറബികളുടെ രക്തത്തിലും മജ്ജ യിലും പരന്നുകഴിഞ്ഞിരുന്ന ഗുരുതരവും വ്യാപകവുമായ തിന്മകളും ദൂഷ്യങ്ങളു മായിരുന്നു ആ നാട്ടിന്റെ നാശത്തിന് അടിസ്ഥാന കാരണം. ഇസ്‌ലാം അവയെ നിരോധിക്കുന്നതോടൊപ്പം അവയോടു ബന്ധപ്പെട്ടതും അവയിലേക്ക് വലിച്ചിഴ ക്കുന്നതുമായ മറ്റു കാര്യങ്ങളും വിലക്കു ന്നു. പിന്നീട് ആ ദൂഷ്യങ്ങളെല്ലാം സ്വഭാ വങ്ങളിൽനിന്ന് പിഴുതെറിയപ്പെട്ടപ്പോൾ അവയോടു വിദൂര ബന്ധമുള്ള കാര്യങ്ങ ളിൽനിന്നു ശ്രദ്ധതിരിക്കപ്പെട്ടു.

അവസാനം സമ്പൂർണ്ണ സംതൃപ്തി വന്നപ്പോൾ ഒരു ദിവസം അവ അനുവദനീയമെന്ന് പ്രഖ്യാപിക്ക പ്പെടുകയും ചെയ്തു. ഇത്തരത്തിലുള്ള അനേകം പ്രശ്നങ്ങൾ ആരോഗ്യകര മായ ഹദീസുകളിൽ വന്നിട്ടുണ്ട്. ഉദാഹ രണമായി, മദ്യം നിരോധിക്കപ്പെട്ടപ്പോൾ സാധാരണ മദ്യം വാറ്റാനുപയോഗിക്കാ റുള്ള പാത്രങ്ങളും നിഷിദ്ധമാക്കപ്പെട്ടു. മദ്യപാനം അറബികളിൽനിന്ന് നീങ്ങി പ്പോയപ്പോൾ ഈ പാത്രങ്ങൾ ഉപയോ ഗിക്കരുതെന്ന ശാസനയും റദ്ദാക്കുകയും ചെയ്തു. അതേപോലെ അവരുടെ മുഴുത്ത ബിംബാരാധന കണ്ടപ്പോൾ ഖബ്ർ സന്ദർശനം പോലും തിരുമേനി അനുവദിച്ചില്ല. പിന്നീട് പ്രസ്തുത വിപത്ത് നീങ്ങിയപ്പോൾ അതിനനുവാദം നൽകി. സ്വർണവും പട്ടും ഉപയോഗിക്കു ന്നത് ആദ്യം സ്ത്രീകൾക്കും പുരുഷ ന്മാർക്കു നിഷിദ്ധമാക്കിയിരുന്നു. പിന്നീട് സ്ത്രീകൾക്ക് അനുവദിക്കുകയും പുരു ഷന്മാർക്ക് നിരോധം നിലനിർത്തുകയും ചെയ്തു. ഇതുപോലുള്ള മറ്റുദാഹരണ ങ്ങളും ശരീഅത്തിൽ കാണാം.

ആരംഭത്തിൽ ബിംബാരാധന യുടെ നിർമാർജ്ജനത്തിനുവേണ്ടി എല്ലാ തരത്തിലുള്ള ചിത്രങ്ങളും രൂപങ്ങളും പ്രതിമകളും നിഷിദ്ധമാക്കിയെന്ന് ഇവ യോട് സാദൃശ്യപ്പെടുത്തി മനസ്സിലാ ക്കാൻ പ്രയാസമില്ല. പിന്നീട് അറബി കളൊന്നാകെ മുസ്‌ലിംകളാവുകയും വിഗ്രഹാരാധനയുടെ ഭീഷണി നീങ്ങു കയും ചെയ്തപ്പോൾ ഈ കല്പനയുടെ ഗൗരവത്തിന്നയവ് വരുത്തുകയും ചില ചിത്രങ്ങളെ നിരോധത്തിൽനിന്നൊഴിവാ ക്കുകയും ചെയ്തു. ബുഖാരിയുടെ വ്യാഖ്യാനത്തിൽ അല്ലാമാ ബദ്‌റുദ്ദീൻ എഴുതുന്നു:

"ബിംബാരാധനയുമായി കാലയടു പ്പമുണ്ടായതിനാൽ എല്ലാ തരത്തിലുള്ള ചിത്രരൂപങ്ങളും, അത് വർണരേഖകളാ ണെങ്കിലും ആദ്യമാദ്യം നബി(സ) നിരോ ധിച്ചു. പിന്നീട് നിരോധനം നടപ്പായ പ്പോൾ അത്യാവശ്യം വസ്ത്രങ്ങളിലെ ചിത്രങ്ങൾ അനുവദിച്ചു. ആദരണീയമ ല്ലാത്ത സ്ഥലങ്ങളിലെ ചിത്രങ്ങളും അനുവദിച്ചു. കാരണം പാമരന്മാർ പോലും അവയെ ബഹുമാനിക്കുമെന്ന ആശങ്ക നീങ്ങി. എന്നാൽ ആദരണീയ മായ സ്ഥലങ്ങളിലെ ചിത്രങ്ങൾക്ക് വിലക്ക് അവശേഷിക്കുകയും ചെയ്തു. "

ചിത്രങ്ങളും പ്രതിമകളും നിരോ ധിക്കാൻ കാരണമായി കർമശാസ്ത്ര പണ്ഡിതരും ഹദീസും വിജ്ഞാനി കളും പറയുന്നത് ഇതിൽ മനുഷ്യരെ ആരാധിക്കലുണ്ടെന്നതാണ്. ഈ അടി സ്ഥാനത്തിൽ ചിത്രകാരന്മാർക്കും വിഗ്ര ഹനിർമാതാക്കൾക്കും താക്കീത് ചെയ്ത ശിക്ഷ ആരാധനയും പൂജയും ലക്ഷ്യം വെച്ച് വിഗ്രഹങ്ങളോ ദേവീ ദേവന്മാരുടെ ചിത്രങ്ങളോ വരക്കുന്നവർക്കാണ്. കാര ണം, ആ ഹദീസിലെ വാക്യം കൊണ്ട് ശാശ്വതമായ നരകശിക്ഷയാണ് ഉദ്ദേശി ച്ചിട്ടുള്ളത്. വിവിധ ഹദീസുകളിലൂടെയും ഖുർആനിക സൂക്തങ്ങളിലൂടെയും ഈ ശിക്ഷ സത്യനിഷേധികൾക്കും ബഹു ദൈവ വിശ്വാസികൾക്കും പ്രത്യേകമാ ണെന്ന് മനസ്സിലാവുന്നു. തദടിസ്ഥാന ത്തിൽ കള്ള ദൈവങ്ങളുടെയും ദേവത കളുടെയും ചിത്രങ്ങളും പ്രതിമകളും നിർമിക്കുന്നവർക്കേ പ്രസ്തുത ശിക്ഷ ബാധകമാവൂ. കാരണം പാമരന്മാർ അവ വാങ്ങി വീടുകളിൽ പ്രതിഷ്ഠിക്കുകയും പൂജാവഴിപാടുകൾ നടത്തുകയുംചെ യ്യും. ഈ ബിംബനിർമാതാക്കളുടെയും ചിത്രരചയിതാക്കളുടെയും പ്രവൃത്തി ബഹുദൈവ വിശ്വാസാധിഷ്ഠിതമായ തിന് പുറമെ പരസഹസ്രം ജനങ്ങളെ വഴിപിഴപ്പിക്കാനും കാരണമാകും. അതി നാൽ ബഹുദൈവ വിശ്വാസികൾക്കുള്ള അതേ ശിക്ഷയാണ് അവർക്കുമുള്ളത്. ഇമാം ത്വബ്‌രി പ്രസ്താവിക്കുന്നു:

"ദൈവത്തെ വിട്ട് പൂജിക്കപ്പെടുന്ന വരുടെ രൂപങ്ങൾ നിർമിക്കുന്നവരാണി തുകൊണ്ടുദ്ധേശ്യം. അവർ തങ്ങളുടെ തെറ്റിനെക്കുറിച്ച് അറിയുന്നവരും ആരാ ധനോദ്ദേശ്യത്തോടെ നിർമിക്കുന്നവരുമാ ണെങ്കിൽ അതുമൂലം കാഫിറായിത്തീ രും. ഫിർഔൻ പ്രഭൃതികളുടെ ശിക്ഷയാ യിരിക്കും അവക്ക്."

ഇമാം ഖത്താബിയുടെ വാക്കു കൾ:

"അല്ലാഹുവിനെക്കൂടാതെ വിഗ്രഹങ്ങളെപൂജിക്കുന്നതുകൊണ്ടാണ് പ്രതിമാ നിർമാതാക്കളുടെ ശിക്ഷ ഗുരുതരമായത്. അവയെക്കാണുമ്പോൾ ആകർഷണീയത തോന്നും. ചില ഹൃദയങ്ങൾ അങ്ങോട്ട് ചായുകയും ചെയ്യും.

ഹാഫിസ് ഇബ്നു ഹജർ 'ഫത്ഹുൽ ബാരി' യിൽ (വാല്യം.1 പേജ് 322) ഇതേപ്പറ്റി വിശദമായ ചർച്ച നടത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായവും ഈ വശത്തേക്ക് ചരിഞ്ഞുകൊണ്ടാണ്. പ്രസ്തുത ശിക്ഷ ജീവനുള്ള വസ്തുക്കളെ നിർമിക്കുന്നവർക്കെല്ലാം ബാധകമാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

എങ്ങനെയായാലും ആരാധനോദ്ദേശ്യത്തോടെയുള്ള ചിത്രങ്ങളും പ്രതിമകളും ഖണ്ഡിതമായും നിഷിദ്ധമാണ്. അവയുടെ നിർമാതാക്കൾ ശിർക്കിന്റെയും കുഫ്റിന്റെയും നീചമായ ശിക്ഷക്ക് അർഹരുമാണ്. മക്കാ വിജയ സന്ദർഭത്തിൽ ബിംബങ്ങളുടെ കൊള്ളക്കൊടുക്ക വിരോധിച്ചുകൊണ്ട് തിരുമേനി പ്രസംഗിച്ചു. (സഹീഹു മിസ്ലിം) ഹറമിലുണ്ടായിരുന്ന പ്രവാചകന്മാരുടെയും മലക്കുകളുടെയും ചിത്രങ്ങൾ മായിച്ചു കളഞ്ഞു. ജീവിതാന്ത്യനിമിഷങ്ങളിൽ തിരുമേനി ചെയ്ത വസിയ്യത്തിൽ ഒന്ന് ഈ പ്രശ്നമായിരുന്നു. അബ്സീനിയയിലേക്ക് പലായനം ചെയ്ത ചില പ്രവാചക പത്നിമാർ തിരുമേനിയുടെ മരണ രോഗവേളയിൽ അവിടത്തെ പള്ളികളിലും ആരാധനാലയങ്ങളിലും കണ്ട ചിത്രങ്ങളെയും പ്രതിമകളെയും അനുസ്മരിക്കുകയും പുകഴ്ത്തുകയും ചെയ്തു. ഇത് കേട്ടപ്പോൾ തിരുമേനി പറഞ്ഞു:

"തങ്ങളിൽ സദ്വൃത്തനായ വല്ലവനുമുണ്ടെങ്കിൽ അയാൾ മരിച്ചാൽ അയാളുടെ ഖബറിന്മേൽ പള്ളി നിർമിക്കുകയും അതിൽ ആ രൂപങ്ങൾ വരക്കുകയും ചെയ്യുന്നവരാണവർ. അന്ത്യനാളിൽ അള്ളാഹുവിങ്കൽ അവരായിരിക്കും ഏറ്റവും ചീത്ത സൃഷ്ടികൾ."

ഇതാണ് ഇവ്വിഷയകമായി തിരുമേനിയുടെ അവസാന വാക്ക്. എല്ലാ തരത്തിലുമുള്ള അധർമ്മത്തിൽ നിന്നും മുക്തവും സ്വതന്ത്രവുമാണത്. ഇനി ആരാധനക്കോ പൂജക്കോ ഉപയോഗിക്കാതെ കേവലം അലങ്കാരത്തിനും ചമൽക്കാരത്തിനും മാത്രമായുള്ളതും ഇസ്ലാമിക വിരുദ്ധമായ യാതൊരുദ്ദേശ്യമില്ലാത്തതുമായ ചിത്രങ്ങളും പ്രതിമകളും അവശേഷിക്കുന്നു. അവയെ സംബന്ധിച്ച് തിരുമേനിയുടെ നിലപാട് എന്തായിരുന്നുവെന്ന് ഹദീസുകളിലൂടെ നമുക്കാലോചിക്കാം. ആയിശ (റ) പറയുന്നു:

"നബി(സ) ഏതോ യുദ്ധത്തിനു പോയതായി രുന്നു. ഞാൻ ഒരു ചിത്രവിരിയെടുത്തു വാതിലിൽ തൂക്കി. അവിടുന്നു മടങ്ങിവന്നപ്പോൾ വിരിപ്പു കണ്ടു. അന്നേരം തിരുമേനിയുടെ മുഖത്ത് വെറുപ്പുണ്ടെന്ന് ഞാൻ മനസ്സിലാക്കി. പിന്നീടവിടുന്നു അതു വലിച്ചു കീറി. കല്ലിനും മണ്ണിനും വസ്ത്രം ധരിപ്പിക്കാൻ അല്ലാഹു നമ്മോട് കൽപിച്ചിട്ടില്ലെന്നു പറയുകയും ചെയ്തു." ഈ ഹദീസ് സഹീഹ് മുസ്ലിമിലെ ' ചിത്രങ്ങൾ' എന്ന അധ്യായത്തിലുണ്ട്. ഇമാം അഹ്മദ് ഇതേ സംഭവം മറ്റൊരു ശൈലിയിൽ വിവരിക്കുന്നു:

"നബി(സ) ഒരു യാത്ര കഴിഞ്ഞ് തിരിച്ചുവന്നു. ഞാൻ ഒരു ചിത്രമുള്ള പുതപ്പ് വാങ്ങി എന്റെ മുറിയിൽ തൂക്കിയിരുന്നു. അവിടുന്ന് പ്രവേശിച്ചപ്പോൾ എന്റെ പ്രവൃത്തിയിൽ അസംതൃപ്തനായി. അവിടുന്ന് അരുളി. ആഇശ! നീ ചുമരുകളെ വസ്ത്രമണിയിക്കുകയാണോ? അപ്പോൾ ഞാൻഅതെടുത്ത് ചീന്തി രണ്ട് തലയണകളുണ്ടാക്കി. ആഇശയുടെ മറ്റൊരു സംഭവം:

"പക്ഷിയുടെ ചിത്രമുള്ള ഒരുവിരിയുണ്ടായിരുന്നു ഞങ്ങൾക്ക്. ഒരാൾ അകത്തേക്കു വരികയാണെങ്കിൽ അയാൾ അതായിരിക്കും അഭിമുഖീകരിക്കുക. അപ്പോൾ നബി(സ) എന്നോടു പറഞ്ഞു: ഇത് മാറ്റിവെക്കുക. ഞാൻ അകത്തേക്കു വരുമ്പോഴെല്ലാം (ഈ ആഡംബരം കണ്ട്) ഭൗതിക ചിന്തകളുണരുന്നു.

ഇമാം അഹ്മദ് തന്റെ മുസ്നദിൽ ഇതേ ഹദീസ് ഇതേ പദങ്ങളിൽ രണ്ടു പരമ്പരകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.( മുസ്നദ്....പേ:241–49)

അബൂദാവൂദ് ത്വയാലസി തന്റെ മുസ്നദിൽ ഇബ്നു അബ്ബാസിന്റെ ഒരു സംഭവം വിവരിച്ചിട്ടുണ്ട്. അദ്ദേഹം ഒരിക്കൽ രോഗിയായപ്പോൾ ഒരാൾ അദ്ദേഹത്തെ സന്ദർശിക്കാൻവന്നു. ഇബ്നു അബ്ബാസ് പറഞ്ഞു:

"എനിക്കതറിയില്ല. അതുകൊണ്ട് അഹന്തയും അഹങ്കാരവും ഉണ്ടാകുമെന്നതുകൊണ്ടാണ് തിരുമേനി അത് നിരോധിച്ചതെന്നേ ഞാൻ മനസ്സിലാക്കുന്നുള്ളൂ. അള്ളാഹുവിന്റെ അനുഗ്രഹത്താൽ നാം അങ്ങനെയുള്ളവരല്ല."

അതായത് ഇത്തരത്തിലുള്ള ആഡംബര വസ്ത്രങ്ങൾ കാരണം ഹൃദയങ്ങളിൽ അഹങ്കാരമുണ്ടാക്കുന്നതിനാലാണ് തിരുമേനി അത് വിലക്കിയത്.

സഹീഹുൽ ബുഖാരി(ബാബത്തസാവീർ) യിൽ അനസ്(റ) നിവേദനം ചെയ്യുന്നു. ആഇശയുടെ പക്കൽ ചിത്രങ്ങളുള്ള ഒരു വിരിപ്പുണ്ടായിരുന്നു. അതവർ മുന്നിൽ തൂക്കിയിട്ടിരുന്നു. നബി(സ) അവരോട് പറഞ്ഞു: "നിന്റെ ഈ വിരി മുന്നിൽനിന്ന് നീക്കം ചെയ്യൂ. അതിലെ ചിത്രങ്ങൾ എന്റെ നമസ്കാരത്തിൽ ശല്യമുണ്ടാക്കിക്കൊണ്ടിരിക്കുന്നു."

ബഹുദൈവാരാധനാ പരമല്ലാത്ത ചിത്രങ്ങൾ നിഷിദ്ധമല്ലെന്ന് ഈ ഹദീസുകളിൽനിന്ന് വ്യക്തമാകുന്നു. നന്നെ കവിഞ്ഞാൽ അവ സൂക്ഷ്മതക്കെതിരാണെന്നേ വരൂ.

* * * * *

ആഇശ(റ)യുടെ ചിത്രമുദ്രിതമായ വിരിയെക്കുറിച്ച് അനേകം റിപ്പോർട്ടുകൾ മുകളിൽ ഉദ്ധരിച്ചു. ഇവയെല്ലാം ബുഖാരിയിലോ മുസ്ലിമിലോ അല്ലെങ്കിൽ രണ്ടിലുമോ ഉള്ളതുമാണ്. പ്രത്യക്ഷത്തിൽ പരസ്പര വിരുദ്ധങ്ങളാണെന്നു തോന്നും. വിരി മുന്നിൽ തൂക്കിയിട്ടിരിക്കയായിരുന്നുവെന്ന് ഒന്നിൽ പറയുന്നു; വീട്ടിന്നുള്ളിലെ ചെറിയ മുറിയിൽ തൂക്കിയിട്ടിരിക്കയായിരുന്നുവെന്ന് മറ്റൊന്നിൽ പറയുന്നു. ഒന്നിൽ തിരുമേനി അത് ചീന്തിക്കളഞ്ഞുവെന്നും, മറ്റൊന്നിൽ അത് നീക്കിക്കളയാൻ കല്പിച്ചുവെന്നും പറയുന്നു. നബി (സ) അസംതൃപ്തി പ്രകടിപ്പിച്ചുവെന്നും ശാന്തശൈലിയിൽ പറഞ്ഞുവെന്നും കാണുന്നു. അത് ചീന്തി അതുകൊണ്ട് തലയണയുണ്ടാക്കിയപ്പോൾ ഉപയോഗിച്ചുവെന്ന് ഒരു റിപ്പോർട്ടിൽ പറയുമ്പോൾ മറ്റേതിൽ, അത് നബിക്ക് ഇരിക്കാൻ വേണ്ടി വാങ്ങിയതായിരുന്നുവെന്നും പക്ഷെ അവിടുന്ന് അതുപയോഗിക്കാൻ കൂട്ടാക്കിയില്ലെന്നും പറയുന്നു. ആ ചിത്രങ്ങൾ നിർമിച്ചവർക്ക് ശിക്ഷയുണ്ടെന്ന് ഒരു റിപ്പോർട്ടിൽ പറയുമ്പോൾ മറ്റേതിൽ അതേപ്പറ്റി യാതൊരു പരാമർശവുമില്ല. ഒരു റിപ്പോർട്ടനുസരിച്ച് നബി പറഞ്ഞതായി ആയിശ(റ) ഉദ്ധരിക്കുന്നു: "ചിത്രങ്ങളുള്ള വീട്ടിൽ മലക്കുകൾ പ്രവേശിക്കുകയില്ല (മുസ്ലിം). പക്ഷെ, ഇതേ ഗ്രന്ഥത്തിലെ ഇതേ അധ്യായത്തിലുള്ള മറ്റൊരു റിപ്പോർട്ടിൽ പറയുന്നു. "ഒരാൾ ആഇശ(റ) യോടന്വേഷിച്ചു. പട്ടിയോ ചിത്രങ്ങളോ ഉള്ള വീട്ടിൽ മലക്കുകൾ

ചില ഹദീസുകളും ചരിത്ര രേഖകളും ഇതിന് തെളിവായുദ്ധരിക്കാം.

അബ്സീനിയക്കാരുടെ ആരാധനാലയങ്ങളിലുണ്ടായിരുന്ന യേശുവിന്റെയും മർയമിന്റെയും മറ്റു രക്തസാക്ഷികളുടെയും ചിത്രങ്ങളെക്കുറിച്ച് മരണശയ്യയിൽവെച്ച് തിരുമേനി നൽകിയ പ്രസ്താവനകൊണ്ട് വ്യക്തമാവുന്നു, ബഹുദൈവൈരാധനാപരമായ ചിത്രങ്ങൾ എക്കാലത്തും നിഷിദ്ധമാണെന്ന്. ഇതാണ് തിരുമേനിയുടെ അവസാനത്തെ വിധി. അതിന്ന് ഭേദഗതിയൊന്നുമുണ്ടായിട്ടില്ല.

ബഹുദൈവാരാധനാപരമല്ലാത്ത ചിത്രങ്ങളനുവദനീയമാണെന്നതിന്ന് താഴെപ്പറയുന്ന പ്രമാണങ്ങൾ തെളിവാണ്:

1)സിഹാഹുകളിലും മുസ്നദുകളിലും വന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു, ആയിശ(റ) യുടെ മുറിയിൽ പക്ഷിയുടെയോ കുതിരയുടെയോ രൂപമുള്ള ഒരു വിരുപ്പുണ്ടായിരുന്നെന്ന്. തന്മൂലം നമസ്കാരത്തിൽ ഏകാഗ്രത നഷ്ടപ്പെടുന്നതിനാൽ അത് നീക്കിക്കളയാൻ തിരുമേനി നിർദേശിച്ചു. വേറെ ചില റിപ്പോർട്ടുകളനുസരിച്ച് ഈ ആഡംബരം ഭൗതികഭ്രമം സൃഷ്ടിക്കുന്നുവെന്നും പറഞ്ഞിട്ടുണ്ട്. ഇവ നിഷിദ്ധങ്ങളാണെങ്കിൽ പറ്റെ നശിപ്പിച്ച് കളയാൻ കല്പിക്കുമായിരുന്നു.

ചിത്രങ്ങൾ മാത്രം അനഭിലഷണീയമാണെന്നല്ല ഇതിനാൽ സ്ഥാപിതമാകുന്നത്. പ്രത്യുത, നമസ്കാരത്തിനു മുമ്പിൽ ഈ ചിത്രങ്ങൾ എപ്പ്രകാരം അനാശാസ്യമാണോ അതേപോലെ വർണ്ണവിഭൂഷിതവും ചിത്രാങ്കിതവുമായ നമസ്കാര സ്ഥലങ്ങളും സർവ്വാലങ്കാര സമന്വിതമായ മിഹ്റാബുകളും അനാശാസ്യമാണ്. ഇതുകൊണ്ടാണ് ചായം പൂശിയ വിരുപ്പുകൾ നമസ്കാരത്തിൽ അനഭിലഷണീയമായത്.

2)ആഇശ(റ)യുടെ മുറിയിൽ തൂക്കിയിട്ടിരുന്ന വിരി തിരുമേനി ചീന്തിക്കളയുകയോ ചീന്താൻ പറയുകയോ ചെയ്തെങ്കിലും അതുകൊണ്ട് ആഇശ(റ) രണ്ട് തലയണകളുണ്ടാക്കിയപ്പോൾ തിരുമേനിയത് ഉപയോഗിച്ചു. ആ ചിത്രങ്ങൾ അപ്പോഴും അതിലുണ്ടായിരുന്നു. ഇമാം അഹ്മദ് തന്റെ മുസ്നദിൽ (വാ:6, പേ:247) അങ്ങനെ വ്യക്തമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഹദീസിൽനിന്ന് എല്ലാ ഹദീസ് പണ്ഡിതന്മാരും കർമ്മശാസ്ത്ര വിദഗ്ധരും മനസ്സിലാക്കിയത്, ഇസ്ലാമിന്റെ സ്വഭാവം. ബഹുദൈവത്വത്തിന്റെ എല്ലാ മാർഗങ്ങളും അനുബന്ധങ്ങളും നിഷിദ്ധമാക്കാൻ വേണ്ടി ബിംബാരാധനയെ തുടച്ചുനീക്കുകയാണ് ഇസ്ലാമിന്റെ ഉദ്ദേശ്യം. ആദ്യം വളരെ പരുഷമായി പെരുമാറി. ക്രമേണ ആപച്ഛങ്ക നീങ്ങിയപ്പോൾ, അറബികളിൽനിന്ന് ബഹുദൈവത്വം നിശ്ശേഷം മാഞ്ഞുപോയപ്പോൾ ആ കാഠിന്യത്തിൽ അയവുവരുത്തി. ലേഖനത്തിന്റെ തുടക്കത്തിലുദ്ധരിച്ച ആല്ലാമാ അയ്നിയുടെ അഭിപ്രായം ഇതിനുപോൽബലകമാണ്. ഇതേ അടിസ്ഥാനത്തിൽ, ഖണ്ഡിതമായും നിഷിദ്ധമെന്നു പറയുന്ന ഹദീസുകൾ ഇസ്ലാമിന്റെ ആരംഭകാലത്തും ആദ്യത്തെ വിധിയെ വ്യാഖ്യാനിക്കുകയോ പ്രത്യേകവൽക്കരിക്കുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്നതും വിട്ടുവീഴ്ചയും അതൃപ്തിയും വെളിപ്പെടുത്തുന്നതുമായ ഹദീസുകൾ പിന്നീടും ഉള്ളവയാണെന്ന നിലക്ക് ഹദീസുകളെ നല്ല രൂപത്തിൽ സംയോജിപ്പിക്കാം. ബഹുദൈവാരാധനാപരവും അല്ലാത്തതും ജീവനുള്ളതും അല്ലാത്തതുമായ എല്ലാ ചിത്രങ്ങളും നിഷിദ്ധമാണെന്നായിരുന്നു ആദ്യത്തെ വിധി. തിരുമേനി കോപം പ്രകടിപ്പിക്കുകയും വിലക്ക് കൽപിക്കുകയും ചെയ്തതെല്ലാം അക്കാലത്താണ്. വിട്ടുവീഴ്ചയുടെ ഘട്ടത്തിൽ അങ്ങനെ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അത് ബഹുദൈവാരാധനാപരമായ ചിത്രങ്ങളെപ്പറ്റി മാത്രമാണ്.

മുകളിൽ നൽകിയ വിശദീകരണത്തിനു ശേഷം ഇസ്ലാമിൽ ചിത്രങ്ങളെക്കുറിച്ചുള്ള വിധി ഇങ്ങനെയാണെന്നു മനസ്സിലാക്കാം. ബഹുദൈവാരാധനാപരമായ ചിത്രങ്ങൾ,അഥവാ പൂജക്കും ആരാധനക്കും ഉപയോഗിക്കപ്പെടുന്നവ തികച്ചും നിഷിദ്ധവും നിയമവിരുദ്ധവുമാണ്. ഹിന്ദുക്കൾക്ക് ദേവതകളുടെ ചിത്രങ്ങളും കത്തോലിക്കർക്ക് യേശുക്രിസ്തുവിന്റെ യും കന്യാമർയമിന്റെയും മറ്റും ചിത്രങ്ങളുമെന്നപോലെ. അവ നിർമ്മിക്കുന്നവൻ കഠിന ശിക്ഷക്കർഹനാണ്. എന്നാൽ കേവലം അലങ്കരണത്തിനും ചമല്ക്കാരത്തിനുമുപയോഗിക്കുന്ന ചിത്രങ്ങൾ ഉപേക്ഷിക്കുന്നത് തന്നെയാണ് ഏറ്റവുമുത്തമമെങ്കിലും ആരെങ്കിലും അവ ഉപയോഗിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ മുമ്പിൽ അവർ കുറ്റവാളികളാകുകയില്ല. നബി(സ) യിൽനിന്ന് അവസാനമായുണ്ടായ കല്പനകളാണെന്ന് സ്ഥിരപ്പെട്ട പ്രവേശിക്കുകയില്ലെന്ന് നബി(സ) പറഞ്ഞതായി അബൂത്വൽഹ പ്രസ്താവിക്കുന്നുവല്ലോ? തിരുമേനിയിൽ നിന്ന് നിങ്ങളിത് കേട്ടിട്ടുണ്ടോ? അവർ പറഞ്ഞു: ഇല്ല. പക്ഷെ നബി(സ) ചെയ്യുന്നതായിക്കണ്ട മറ്റൊരു സംഭവം വിവരിക്കാം. അവിടുന്ന് ഏതോ യുദ്ധത്തിനു പോയതായിരുന്നു. ഞാൻ ചിത്രമുള്ളൊരു വിരിയെടുത്ത് വാതിൽക്കൽ തൂക്കി. തിരുമേനി മടങ്ങി വന്ന് വിരി കണ്ടപ്പോൾ ആ മുഖത്ത് വെറുപ്പിന്റെ അടയാളം എനിക്ക് കാണാൻ കഴിഞ്ഞു. തിരുമേനി അത് വലിച്ചെടുത്ത് കീറിക്കളഞ്ഞു. എന്നിട്ട് പറഞ്ഞു: കല്ലിനും മണ്ണിനും വസ്ത്രം ധരിപ്പിക്കാൻ നമ്മോടള്ളാഹു പറഞ്ഞിട്ടില്ല. ഞാൻ ആ വിരികൊണ്ട് രണ്ട് തലയണകളുണ്ടാക്കിയപ്പോൾ തിരുമേനി അതേപ്പറ്റി ആക്ഷേപമൊന്നും പറഞ്ഞില്ല."

ഹദീസുകളിലെ വൈരുധ്യം തീർക്കാൻ പണ്ഡിതന്മാർ മൂന്നു മാർഗമാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

1). ഓരോ ഹദീസുകളെ മുറിച്ചും വ്യഖ്യാനിച്ചും ഏകോപിപ്പിക്കാൻ ശ്രമിക്കുക. പക്ഷെ യഥാർഥത്തിൽ ഇത് 'രണ്ട് വൈരുധ്യങ്ങളെ സംയോജിപ്പിക്കൽ' ആണ്

2). വിട്ടുവീഴ്ചയോ അസംതൃപ്തിയോ രേഖപ്പെടുത്തുന്ന ഹദീസുകൾ ഉദ്ദേശിക്കുന്നത് ജീവനില്ലാത്ത വസ്തുക്കളുടെ ചിത്രങ്ങളാണ്. നിഷിദ്ധമെന്നും ഹറാമെന്നും പറയുന്നത് ജീവനുള്ളവയുടെ ചിത്രങ്ങളെക്കുറിച്ചും. എന്നാൽ ഈ സംയോജനം എന്റെ അഭിപ്രായത്തിൽ ശരിയല്ല. കാരണം വിട്ടുവീഴ്ചയോ അസംതൃപ്തിയോ പ്രകടിപ്പിക്കുന്ന ഹദീസുകളിൽതന്നെ വ്യക്തമാക്കിയിട്ടുണ്ട്, അവയിൽ ജീവികളുടെ അഥവാ പക്ഷികളുടെയും കുതിരകളുടെയും ചിത്രങ്ങളുണ്ടായിരുന്നുവെന്ന് .

(മുസ്ലിം, അഹ്മദ്, അബൂദാവൂദ് നോക്കുക)

3) ഇസ്ലാമിന്റെ ആരംഭത്തിലാണ് ചിത്രങ്ങൾക്ക് വിട്ടുവീഴ്ച ചെയ്തത്. നിഷിദ്ധമാക്കിക്കൊണ്ടുള്ള ഹദീസ് വിട്ടുവീഴ്ച ചെയ്യുന്ന ഹദീസിനെ ദുർബലപ്പെടുത്തുന്നു; ഇത് ഇമാം ദാവൂദിന്റെ അഭിപ്രായം. ഇബ്നു ഹജറും ഇബ്നു ത്തീനും അത് തള്ളിക്കളഞ്ഞിരിക്കുന്നു. എന്റെ അഭിപ്രായത്തിലും ഇത് ശരിയല്ല. കാരണം, വിശ്വാസകാര്യങ്ങളിൽ യാതൊരു ലാഘവത്വവും ഒരിക്കലും അനുവദിക്കാതിരിക്കലാണ്

ചിത്രങ്ങൾ ഉന്നതസ്ഥാനങ്ങളിലല്ലാതെ, വിരിപ്പ്, പടം പോലുള്ള നിത്യവും ചവിട്ടി നടക്കുന്നതുമായ സ്ഥലങ്ങളിലാണെങ്കിൽ അനുവദനീയമാണെന്നത്രെ. പക്ഷെ, അടുത്തുവരുന്ന അബൂത്വൽഹയുടെ ഹദീസ് ഈ വിഭജനം പരിഗണനീയമല്ലെന്ന് കുറിക്കുന്നു.

3) തുർമുദിയിലും സുനനുകളിലും വന്നൊരു റിപ്പോർട്ട് : മൈമൂനയുടെയോ ആഇശയുടെയോ മുറിയിൽ ഒരു സചിത്ര വിരിയും ഒരു പാവയുമുണ്ടായിരുന്നു. ജിബ്‌രീൽ നബിയോട്, അവയുടെ തല പൊട്ടിച്ച് ജീവനില്ലാത്ത ഒരു മരം പോലെയാക്കുവാനും വിരി പടമായുപയോഗിക്കുവാനും നിർദേശിക്കുകയുണ്ടായി. ഈ ഹദീസ് പ്രബലമാണെന്ന് തുർമുദി പറഞ്ഞിട്ടുണ്ട്.

4) ആഇശ(റ)യും സഖിമാരും തിരുമേനിയുടെ മുന്നിൽവെച്ച് പാവകളുപയോഗിച്ച് കളിച്ചിരുന്നതായി ബുഖാരിയിലും അബൂദാവൂദിലും കാണുന്നു.

5) മുസ്നദ് അഹ്മദിലും അബൂദാവൂദിലും വന്ന റിപ്പോർട്ട്: "നബി(സ) ഒരു യുദ്ധം(തബൂക്കോ ഖൈബറോ എന്ന് റിപ്പോർട്ട് സംശയിക്കുന്നു.) കഴിഞ്ഞ് മടങ്ങിവന്നപ്പോൾ മുറിയിൽ ഒരു വിരി തൂങ്ങിയിരിക്കുന്നു. കാറ്റടിച്ചപ്പോൾ അത് നീങ്ങുകയും അകത്ത് കുറച്ച് പാവകളിരിക്കുകയും ചെയ്യുന്നത് നബി(സ) കണ്ടു. അവക്കിടയിൽ രണ്ടു ഭാഗത്തും ചിറകുള്ള ഒരു കുതിരയുടെ രൂപമുണ്ടായിരുന്നു. 'ആഇശാ! ഇതെന്താണെ' ന്ന് തിരുമേനി അന്വേഷിച്ചു. 'നബിയേ! ഇത് കുതിരയാണെ' ന്ന് അവൾ മറുപടി പറഞ്ഞു. കുതിരക്ക് ചിറകുണ്ടാകുമോ എന്ന് തിരുമേനി. ആഇശ പറഞ്ഞു: 'സുലൈമാൻ നബി (അ)യുടെ കുതിരകൾക്ക് ചിറകുണ്ടായിരുന്നെന്ന് കേട്ടിട്ടില്ലേ?' ഇത് കേട്ടപ്പോൾ തിരുമേനി ചിരിച്ചു. "

ഈ ഹദീസിൽ പ്രത്യേക ശ്രദ്ധയർഹിക്കുന്നത് പ്രസ്തുത തിയ്യതിയാണ്. അഥവാ ഹി: 8-ാം കൊല്ലമോ 9-ാം കൊല്ലമോ ആണ് പ്രസ്തുത സംഭവം. ബഹുദൈവാരാധനാപരമല്ലാത്ത ചിത്രങ്ങളുടെ അനുവാദം ഇസ്‌ലാമിന്റെ ആരംഭത്തിലല്ല അന്ത്യത്തിൽ തന്നെയാണെന്ന് അതുകൊണ്ടു മനസ്സിലാകുന്നു. ഈ ഹദീസുകളുടെ അടിസ്ഥാനത്തിൽ ഹദീസ് പണ്ഡിതരും ഫുഖഹാക്കളും പാവകളും അനുവദനീയമാണെന്ന് പറഞ്ഞിരിക്കുന്നു. പാവകൾ ആരാധനക്കുപയോഗിക്കാറില്ല. എന്നതല്ലെ ഇതിന് കാരണം?

6) അബൂദാവൂദ് ത്വയാലസി ഉദ്ധരിച്ച ഇബ്നുഅബ്ബാസിന്റെ സംഭവം മുമ്പ് ചുരുക്കി വിവരിച്ചിട്ടുണ്ട്. ചിത്രങ്ങളുള്ള ഒരു പുതപ്പ് രോഗിയായ അദ്ദേഹം ഉപയോഗിക്കുകയും അയാൾ സംശയം ചോദിക്കുകയും ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു."എനിക്കതറിയില്ല." പിന്നീട് തുടർന്നു: "അതുമൂലം അഹങ്കാരവും അഹന്തയും ഉണ്ടാകുന്നതുകൊണ്ടാണ് തിരുമേനി അത് വിരോധിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം അത്തരക്കാരല്ലല്ലോ." എന്നിരുന്നാലും ആ മഹാത്മാക്കൾ ഇതും സൂക്ഷ്മതക്കെതിരും ഉത്തമമല്ലാത്തതുമായിക്കരുതിയിരിക്കുന്നു. അതിനാൽ ആ ചിത്രം കേടു വരുത്താൻ ഇബ്നു അബ്ബാസ് നിർദേശിച്ചു.

7) ബുഖാരിയിലും മുസ്‌ലിമിലും അബൂദാവൂദിലും സൈദുബ്നു ഖാലിദ് എന്ന താബിഈ അബൂത്വൽഹയിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നു:"ചിത്രങ്ങളുള്ള വീട്ടിൽ മലക്കുകൾ പ്രവേശിക്കുകയില്ല. പക്ഷെ വസ്ത്രങ്ങളിന്മേൽ ആ ചിത്രം വരച്ചതാണെങ്കിൽ വിരോധമില്ല." സൈദ് ഇത്തരം വസ്ത്രങ്ങൾ ധരിച്ചതായി ആളുകൾ കണ്ടിരുന്നു. ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ ചില ഹദീസ് പണ്ഡിതന്മാർ ഇത്തരം ചിത്രങ്ങൾക്ക് പൊതുവായി അനുവാദം നൽകിയിട്ടുണ്ട്.

8) ഖാസിമുബ്നു മുഹമ്മദുബ്നു അബീബക്കർ സിദ്ദീഖും—മദീനഫിഖ്ഹ് ക്രോഡീകരിച്ച ആറ് കർമ്മശാസ്ത്രകാരന്മാരിൽ ഒരാളായിരുന്നു അദ്ദേഹം— ഇതേ അഭിപ്രായക്കാരനാണെന്ന് ഇബ്നു അബീശൈബ അംഗീകാരയോഗ്യമായ പരമ്പരയോടെ അദ്ദേഹത്തിൽനിന്ന് നിവേദനം ചെയ്തിട്ടുണ്ട്. "മക്കയിൽ അദ്ദേഹത്തിന്റെ വീട്ടിൽ ചില അത്ഭുത സൃഷ്ടികളുടെ —ആനറാഞ്ചിയുടെയും നീർനായയുടെയും—ചിത്രങ്ങളുണ്ടായിരുന്നു" (ഫതഹുൽ ബാരി, വ:1,പേ: 326)

9) ഹദീസ് പണ്ഡിതന്മാരുടെ നേതാവ് ആയ ഉർവ-ഇദ്ദേഹം ആഇശ(റ)യുടെ സഹോദരീ പുത്രനാണ്- തന്റെ തലയണകളിൽ പക്ഷികളുടെയും പുരുഷന്മാരുടെയും ചിത്രങ്ങൾ നിർമിച്ചിരുന്നു. അദ്ദേഹം അതിൽ ചാരിയിരിക്കാറുമുണ്ടായിരുന്നു. (ഫതഹുൽ ബാരി)

10) ഉർവ(റ) തന്റെ ബട്ടനുകളിൽ മനുഷ്യമുഖങ്ങൾ വരച്ചതായി ഇബ്നു സഅദ് നിവേദനം ചെയ്യുന്നു. (താബിഈനെ മദീന, പേ:136)

11) ഇബ്നുൽ അസീ 'ഉസ്ദുൽ ഗാബ' യിൽ അനസുബ്നു മാലികിനെപ്പറ്റി എഴുതുന്നു:

"അദ്ദേഹത്തിന്റെ മോതിരക്കല്ലിന്മേൽ ഗർജിക്കുന്ന ഒരു സിംഹത്തിന്റെ ചിത്രമുണ്ടായിരുന്നു." ചെറിയ ചിത്രങ്ങൾ അനുവദനീയമാണെന്ന് ഇതുമൂലം ഫുഖഹാക്കൾ മനസ്സിലാക്കിയിരിക്കുന്നു.

"അബൂത്വൽഹ (റ) രോഗിയായപ്പോൾ സുഹൈലുബ്നു ഹുനൈഫ് അദ്ദേഹത്തെ സന്ദർശിച്ചു. ആ അവസരത്തിൽ അബൂത്വൽഹ താഴെയുളള വിരിപ്പ് മാറ്റിവെക്കാൻ ഒരാളോടു പറഞ്ഞു. എന്തിനാണ് മാറ്റിവെക്കുന്നതെന്ന് സുഹൈൽ ചോദിച്ചു.അദ്ദേഹം പറഞ്ഞു: അതിൽ ചിത്രങ്ങളുണ്ട്. അതിനെപ്പറ്റി തിരുമേനിയുടെ പ്രസ്താവനകൾ താങ്കൾക്കറിവുള്ളതാണല്ലോ. സുഹൈൽ പറഞ്ഞു: നബി(സ) 'വസ്ത്രത്തിലുള്ള വരകൾ വിരോധമില്ല' എന്നും പറഞ്ഞിട്ടുണ്ടല്ലോ. അബൂത്വൽഹ പറഞ്ഞു: അതെ, അത് ശരിയാണ്. പക്ഷെ എന്റെ മനസ്സ് കൂടുതലിഷ്ടപ്പെടുന്നത് ഇതാണ്."

ഇത് തുർമുദിയിലുള്ള ഹദീസാണ്. ഇതെപ്പറ്റി അദ്ദേഹം 'ഹസനും സ്വഹീഹും എന്നെഴുതിയിട്ടുണ്ട്. ഞാൻ മുമ്പ് എഴുതിയ പോലെ അനുവദനീയമാണെങ്കിലും വർജ്ജിക്കുന്നതാണുത്തമമെന്ന് ഈ ഹദീസുകൊണ്ട് സ്ഥാപിതമാവുന്നു.

അല്ലാമാ ഐനി തന്റെ 'ശറഹുൽ ഹിദായ' യിൽ രണ്ടു ചരിത്രസംഭവങ്ങളുദ്ധരിച്ചിരിക്കുന്നു. അബൂഹുറൈറ(റ)യുടെ മോതിരക്കല്ലിൽ രണ്ട് ഈച്ചകളുടെ ചിത്രമുണ്ടായിരുന്നു. ഉമറിന്റെ കാലത്ത് ഒരു മോതിരം വീണുകിട്ടി. ഇത് ദാനിയേൽ പ്രവാചകന്റെ മോതിരമായിരുന്നുവെന്ന് കരുതപ്പെടുന്നു. അതിന്റെ നടുവിലുണ്ടായിരുന്ന ചിത്രം രണ്ടു സിംഹങ്ങളുടെതായിരുന്നു. അവക്കിടയിൽ ഒരുകുട്ടി നിൽക്കുന്നുമുണ്ട്. ഉമർ (റ) ഈ മോതിരം അബൂമൂസൽ അശ്അരി(റ) ക്ക് നൽകുകയുണ്ടായി.

മുഹദ്ദിസുകളും ഫുഖഹാക്കളിലും അധികം പേർ നിർജ്ജീവ വസ്തുക്കളുടെ ചിത്രങ്ങൾ അനുവദിക്കുകയും ജീവികളുടെ ചിത്രങ്ങൾ വിരോധിക്കുകയും ചെയ്തിരിക്കുന്നു. നിർജ്ജീവ വസ്തുക്കളുടെ ചിത്രങ്ങൾ അനുവദി

ക്കാൻ കാരണം, അവ പൂജിക്കപ്പെടുന്നതല്ല എന്നെഴുതിവെക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ എന്റെ അഭിപ്രായത്തിൽ ഈ വിഭജനം ശരിയല്ല. ആരാധിക്കുന്നവയും ആരാധിക്കാത്തവയും എന്ന വിഭജനമാണു ശരി. ഇന്ത്യയിൽ അനേകം വിഭാഗങ്ങൾ വൃക്ഷങ്ങളെ പൂജിക്കുന്നുണ്ട്. അതിനാൽ നിർജ്ജീവ വസ്തുക്കളാണെന്ന പേരിൽ അത്തരം പ്രത്യേക വൃക്ഷങ്ങളുടെ ഫോട്ടോ അനുവദിക്കാമോ? എന്റെ അഭിപ്രായത്തിന്നനുകൂലമായി താഴെ പറയുന്ന ഹദീസുകൾ തെളിവായെടുക്കാവുന്നതാണ്.

"നബി(സ) തന്റെ വീട്ടിൽ കുരിശടയാളമുള്ള യാതൊരു വസ്തുവും നശിപ്പിക്കാതെ അവശേഷിപ്പിക്കുമായിരുന്നില്ല" (കിതാബുല്ലിബാസ്).

ഇത് ബുഖാരിയും അബൂദാവൂദും അഹ്മദും നസാഇയുമെല്ലാം ഉദ്ധരിച്ച ഹദീസാണ്. ചില റിപ്പോർട്ടുകളിൽ 'വസ്തു' എന്നതിനു പകരം, 'വസ്ത്രം' എന്ന് വിശേഷിപ്പിച്ചിട്ടുണ്ടെന്ന് മാത്രം. തുർമുദിയിൽ കാണുന്നു: അദിയ്യുബ്നു ഹാതിം--അദ്ദേഹം ആദ്യം ക്രിസ്ത്യാനിയായിരുന്നു— നബി(സ) യുടെ സന്നിധിയിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ കഴുത്തിൽ ഒരു കുരിശുണ്ടായിരുന്നു. തിരുമേനി പറഞ്ഞു; "അദിയ്യ്! കഴുത്തിൽ നിന്ന് ആ ബിംബത്തെ നീക്കം ചെയ്യൂ." ഈ ഹദീസുകളിൽനിന്ന് സ്ഥിരീകൃതമാവുന്നു, നിർജ്ജീവ വസ്തുക്കളും ബഹുദൈവാരാധനാപരമായ കർമ്മങ്ങൾക്കുപയോഗിക്കുന്നുവെങ്കിൽ അവ വരക്കുന്നതും നിഷിദ്ധമാണെന്ന്. ബിംബങ്ങളുടെ വിധി തന്നെയാണവക്കുമുള്ളത്.

മറ്റൊരു സംഭവം ഈ വിഭജനത്തിന്റെ സാധുതക്ക് തെളിവാണ്. ഉമറി(റ) ന്റെ കാലത്ത് സഹാബികൾ കിസ്റായുടെ അധിവാസ കേന്ദ്രങ്ങൾ (മദായിൻ) ജയിച്ചടക്കിയപ്പോൾ രാജകൊട്ടാരത്തിൽ പ്രവേശിച്ചു. അതിൽ സ്വർണ്ണ വളകളും കാലാൾപ്പടയുടെ ചിത്രങ്ങളും പ്രതിമകളും എല്ലായിടത്തുമുണ്ടായിരുന്നു. ആ മഹാത്മാക്കൾ അവയെ അവഗണിച്ചുകൊണ്ട് അവിടെ വെച്ച് കൃതജ്ഞതാപൂർവ്വം നമസ്കരിച്ചു. ഇമാം ത്വബ്‌രി ഈ സംഭവം തന്റെ ചരിത്രത്തിലുദ്ധരിച്ചിട്ടുണ്ട്.

എന്നാൽ സിറിയയിൽവെച്ചുണ്ടായ ഉമറി(റ) ന്റെ ഒരു സംഭവം ഇതിനെതിരാണ്. സിറിയൻ ക്രിസ്ത്യാനികൾ തങ്ങളുടെ പള്ളിയിലേക്ക് മുസ്‌ലിം സൈനിക നേതാക്കളോടൊപ്പം ഉമറി(റ) നെയും ക്ഷണിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു:

"ഈ ചിത്രങ്ങൾ നിലനിൽക്കുന്നതോടെ നിങ്ങളുടെ പള്ളികളിൽ പ്രവേശിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല."

ഈ സംഭവം ഇമാം ശാഫി(റ) കിതാബുൽ ഉമ്മിൽ ഉദ്ധരിച്ചിട്ടുണ്ട്. മുസ്നദുശ്ശാഫിയിൽ ദഅ്‌വതുദ്ദിമ്മിയിലും ഇതുണ്ട്. കിസ്രാ കൊട്ടാരത്തിലെ ചിത്രങ്ങൾ ബഹുദൈവാരാധനാപരങ്ങളല്ലാത്തതും ക്രൈസ്തവ പള്ളികളിലേത് അത്തരങ്ങളായതുമാണ് സഹാബികളുടെ ഈ പ്രവർത്തന വ്യത്യാസത്തിന് കാരണം.

ഇമാം അഹ്മദ് തന്റെ മുസ്നദിൽ അലി(റ) യിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നു: ഒരു ദിവസം തിരുമേനി (സ) അദ്ദേഹത്തോട് ഇങ്ങനെ നിർദേശിച്ചു.

"മദീനയിൽ പൊട്ടിക്കാത്ത ഒരു ബിംബമോ നിരപ്പാക്കാത്ത ഒരു ഖബ്റോ നശിപ്പിക്കാത്ത ഒരു ചിത്രമോ ബാക്കിവെക്കരുത്." ഈ ഹദീസിൽ ബിംബങ്ങളുടെയും ഖബറുകളുടെയും കൂടെ ചിത്രങ്ങളെയും ചേർത്തു പറഞ്ഞതിൽനിന്ന് തന്നെ മനസ്സിലാവുന്നു ആ ചിത്രങ്ങൾ ബഹുദൈവാരാധനാപരങ്ങളായിരിക്കണമെന്ന്.

ഹദീസിന്റെയും സഹാബികളുടെ ചര്യയുടെയും ശേഷം ഫിഖ്ഹിന്നാണ് സ്ഥാനം. മുഹദ്ദിസും ഫഖീഹുമായ അബൂജഅ്ഫർ ത്വഹാവി തന്റെ തീരുമാനം--അതു നമ്മുടെ അഭിപ്രായത്തിനു പിന്തുണ നൽകുന്നു--ഇങ്ങനെ പറയുന്നു:

"നാം വിവരിച്ചതിൽനിന്ന് വിരോധിക്കപ്പെട്ട ചിത്രങ്ങളിൽ വസ്ത്രങ്ങളിലെ ചിത്രങ്ങൾ പെടുകയില്ലെന്ന് സ്ഥിരപ്പെട്ടു. ക്രിസ്ത്യാനികൾ അവരുടെ പള്ളികളിൽ വരക്കുന്ന ചുമർ ചിത്രങ്ങളും തൂക്കിയിടുന്ന സചിത്ര വസ്ത്രങ്ങളും പോലെയുള്ളവയാണ് വിലക്കപ്പെട്ടവയെന്നും സ്ഥിരപ്പെട്ടു. ചവിട്ടുകയോ, നിസ്സാരമായി ഗണിക്കുകയോ, വിരിക്കുകയോ ചെയ്യുന്നവ അതിൽ ഉൾപ്പെടുന്നില്ല. അബൂഹനീഫയുടെയും അബൂയൂസുഫിന്റെയും മുഹമ്മദിന്റെയും അഭിപ്രായം ഇതുതന്നെ."

മുവത്വയിലെ അബൂത്വൽഹയുടെ റിപ്പോർട്ട് ഉദ്ധരിച്ചുകൊണ്ട് ഇമാം മുഹമ്മദ് എഴുതുന്നു:

"വിരിപ്പായോ പടമായോ തലയണയായോ ഉപയോഗിക്കുന്നവയിലുള്ള ചിത്രങ്ങൾ തരക്കേടില്ലെന്ന് ഇതിനാൽ നാം മനസ്സിലാക്കുന്നു. വിരിയിലോ നാട്ടി നിർത്തുന്നതിലോ ഉള്ള ചിത്രങ്ങളേ അനഭിലഷണീയമാവുകയുള്ളൂ. അബൂഹനീഫയും നമ്മുടെ ഫുഖഹാക്കൾ പൊതുവെയും ഇതേ അഭിപ്രായക്കാരാണ്."

ഹിദായ, റദ്ദുൽ മുഖ്താർ, ആലംഗിരി എന്നിവയിലും ഒട്ടൊക്കെ ഇതേ അഭിപ്രായം തന്നെയാണുള്ളത്.

സമർഖന്തുകാരനും ഫഖീഹും മുഹദ്ദിസുമായ അബുല്ലൈസ് 'ബുസ്താനി'ൽ ചിത്രങ്ങളെക്കുറിച്ചുള്ള ചില ഹദീസുകളുദ്ധരിച്ചുകൊണ്ടെഴുതുന്നു:

"ചിത്രങ്ങളോ പ്രതിമാരൂപങ്ങളോ ഉള്ള വസ്ത്രങ്ങൾ വിരിക്കുന്നതുകൊണ്ട് വിരോധമില്ലെന്ന് ഇതിൽനിന്ന് നാം മനസ്സിലാക്കുന്നു. നാട്ടിനിർത്തുന്ന പ്രതിമകളേ അനിഷ്ടകരമാവൂ എന്ന് അത്വാഉം ഇക്‌രിമയും പറഞ്ഞതായി റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ട്. കാലുകൾ കൊണ്ട് ചവിട്ടിനടക്കുന്നവയാണെങ്കിൽ വിരോധമില്ല."

ഇതെല്ലാം ഹനഫി പണ്ഡിതരാണ്. ഇതര ഇമാമുകളുടെ അഭിപ്രായങ്ങളും കേൾക്കേണ്ടതുണ്ട്. ഇബ്നു ഹജർ 'ഫതഹുൽ ബാരി' യിൽ എഴുതുന്നു:

"ചിത്രങ്ങൾ നിഴലുകളുണ്ടെങ്കിലും (പ്രതിമകൾ) ചവിട്ടാനും നടക്കാനും മറ്റു നിസ്സാരമായ തോതിലുപയോഗിക്കാനും —തലയണകളും വിരിപ്പുകളും പോലെ --ആണെങ്കിൽ അനുവദനീയമാണെന്ന് ഈ ഹദീസുകൊണ്ട് തെളിവെടുത്തിരിക്കുന്നു. ഇമാം നവവിയുടെ അഭിപ്രായം, ഈ വിഷയത്തിൽ നിഴലുള്ളതെന്നോ ഇല്ലാത്തതെന്നോ വ്യത്യാസമില്ലെന്നാണ്. ഇതുതന്നെയാണ് സൗരിയുടെയും മാലിക്കിന്റെയും അബൂഹനീഫയുടെയും ശാഫിയുടെയും അഭിപ്രായം." എന്നാൽ അത് ചുമരുകളിൽ ബന്ധിക്കുന്നതോ വസ്ത്രമോ തലപ്പാവോ ഇതുപോലെ നിസ്സാരമാക്കി ഉപയോഗിക്കാത്തതോ ആണെങ്കിൽ ഹറാമാണ്. (വാ.1, പേ: 336)

ഹമ്പലി ഫുഖഹാക്കളുടെ ചിന്താഗതി ഇപ്രകാരമാണ്:

"അബൂത്വൽഹയുടെ ഹദീസിന്റെ അടിസ്ഥാനത്തിൽ തൂക്കിയിട്ടതാണെങ്കിലും വസ്ത്രങ്ങളിലുള്ള ചിത്രങ്ങൾ ഹമ്പലികളുടെ അഭിപ്രായത്തിൽ അനുവദനീയമാണ്. എന്നാൽ, ചുമരുകളെ മറക്കുന്നുവെങ്കിൽ അവർ അത് അനുവദിക്കുന്നില്ല." ഹമ്പലി മദ്ഹബ് തന്നെ ഹദീസിനെ പദാനുപദം അനുകരിക്കുന്നതാ

ണല്ലോ.

ഇവിടെ രണ്ടു സംഗതികൾ വ്യക്തമാക്കേണ്ടതുണ്ട്. 1, കർമ്മശാസ്ത്ര പണ്ഡിതരെല്ലാം ഏകോപിച്ച് പറയുന്നത്, ചിത്രങ്ങൾ കാലുകൾക്ക് കീഴിലോ മറ്റോ ആകുന്നപോലെ, വന്ദിക്കപ്പെടേണ്ട സ്ഥലങ്ങളിലല്ലെങ്കിൽ അനുവദനീയമാണെന്നാണ്. ഈ വന്ദനത്തിന്റെയും നിന്ദ്യതയുടെയും മാനദണ്ഡമെന്ത്? അതിന്റെ വിശദീകരണം വിരിപ്പ്, തലയണ എന്നിങ്ങനെ ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. പക്ഷെ, അതുകൊണ്ട് മൗലിക വസ്തുത എന്താണെന്ന് മനസ്സിലാവുന്നില്ല. ഇന്നത്തെപ്പോലെ പുസ്തകങ്ങളിലോ ചായപാത്രങ്ങളിലോ ആണെങ്കിൽ അത് വന്ദിക്കപ്പെടേണ്ടതോ, നിസ്സാരമാക്കപ്പെടേണ്ടതോ? പുസ്തകങ്ങൾ ചിലപ്പോൾ കുട്ടികൾക്ക് തലയണയാകാറുള്ളപോലെ അലമാരകളിൽ സൂക്ഷിച്ചുവെക്കാറുമുണ്ട്. ചായപാത്രങ്ങൾ നിലത്തും മേശപ്പുറത്തും വെക്കാറുണ്ട്. അതിനാൽ വന്ദനത്തിനും നിന്ദ്യതക്കും മൗലികമായൊരു വ്യാഖ്യാനം കാണണം.

2. ചിത്രങ്ങളുടെ അനുവദനീയതയും വിരോധവും വിവരിക്കാൻ കർമ്മശാസ്ത്രകാരന്മാർ തെളിവായി പറയുന്നത് ഇബാദത്തിനോട് സാദൃശ്യമില്ലാത്തതിനാൽ ഈ രൂപത്തിലുള്ള ചിത്രങ്ങൾ അനുവദനീയവും ഇബാദത്തിനോട് സാദൃശ്യമുള്ളതുകൊണ്ട് ഇന്ന ചിത്രങ്ങൾ നിഷിദ്ധവുമാണത്രെ. (ഹിദായയിലെ മക്റൂഹാത്തുസ്സലാത്ത് നോക്കുക.) ഈ അടിസ്ഥാനത്തിൽ വന്ദനത്തിനും നിന്ദനത്തിനും ഇങ്ങനെ വ്യാഖ്യാനം ലഭിക്കുന്നു: ആരാധനാഭാവം സ്ഫുരിക്കുന്നതോ കാഫിറുകളുടെ ദേവാലയങ്ങളിലും ക്രിസ്ത്യൻ ചർച്ചുകളിലും വെക്കുന്നതുപോലെയുള്ളതോ ആയാൽ ചിത്രങ്ങളെ വന്ദിക്കലായി. എന്നാൽ നിസ്സാരമാക്കിയും ആദരവിചാരം തീരെ ഇല്ലാതെയും അമുസ്‌ലിംകളുടെ ആരാധനാ സമ്പ്രദായത്തോട് യാതൊരു സാദൃശ്യവുമില്ലാതെയുമാണെങ്കിൽ അത് നിന്ദിക്കലും നിസ്സാരമാക്കലുമാണ്.

ചുമരുകളിൽ ചിത്രങ്ങൾ ചേർക്കുന്നത് കർമ്മശാസ്ത്രകാരന്മാർ അനുവദനീയമല്ലാതാക്കാൻ കാരണം, റോമൻ കത്തോലിക്കരും മറ്റു ചിത്ര പൂജകരായ ക്രിസ്തീയ വിഭാഗങ്ങളും ആരാധനാലയങ്ങളിൽ അങ്ങനെ ചെയ്തിരുന്നുവെന്നതാണ്. കാഫിറുകളും മുശ്‌രിക്കുകളുമായി സാദൃശ്യം വരുത്തൽ ബഹുദൈവവിശ്വാസപരമായിരിക്കും. അത് വർജിക്കേണ്ടത് ഓരോ മുസൽമാനും അനിവാര്യമാണ്.

ഹദീസുകളിലും ഇമാമുകളുടെ ഗവേഷണാഭിപ്രായങ്ങളിലും പരാമർശിക്കപ്പെട്ടത് വസ്ത്രങ്ങളിലുള്ള ചിത്രങ്ങളാണെന്ന് വ്യക്തം. പക്ഷെ, കുറേക്കാലമായി, വസ്ത്രങ്ങൾക്കു പുറമെ കടലാസുകളും ചിത്രരചനക്കുപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. മാത്രമല്ല, ഇന്ന് ചിത്രങ്ങളധികവും പ്രത്യക്ഷപ്പെടുന്നത് 'പത്ര–വസ്ത്ര' ങ്ങളിലാണ്. അതിനാൽ അവയുടെ വിധി എന്താണെന്ന പുതിയൊരു ചോദ്യവും ഉടലെടുത്തിരിക്കുന്നു.

ഇപ്പോൾ ചിത്രങ്ങളുടെ ലോകം തന്നെ മാറിയിട്ടുണ്ട് എന്നതാണ് അതിലേറെ ചിന്തനീയം. ദേവതകളും മറ്റു മതസ്മാരകങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു ആദ്യകാല ചിത്രങ്ങളധികവും. അല്ലെങ്കിൽ വെറും അലങ്കാരോദ്ദേശ്യത്തോടെയുള്ളതായിരുന്നു. പക്ഷെ, ഇന്നു അവയുടെ ഉപയോഗവും ആവശ്യകതയും വിവിധ രൂപത്തിൽ വർദ്ധിച്ചിട്ടുള്ളതിനാൽ ആ വശം അവഗണിക്ക വയ്യ.

പുസ്തകങ്ങളിലെയും പത്രങ്ങളിലെയും ഫോട്ടോകൾ വിവിധ സമ്മേളനങ്ങളുടെ ദൃശ്യങ്ങളുടെയും രണാങ്കണങ്ങളുടെയും യഥാർഥ രൂപം നമ്മുടെ മുമ്പിലവതരിപ്പിക്കുന്നു. ഭിന്ന ജനതതികളുടെ അവസ്ഥാവിശേഷങ്ങളും സംസ്കാര നാഗരികതകളുടെ ചിത്രീകരണങ്ങളും നമുക്ക് കാഴ്ച വെക്കുന്നു. മനുഷ്യശരീരാവയവങ്ങളുടെ അനാലിസിസ് ശരീരത്തിന്റെ ആകൃതിയും വൈദ്യശാസ്ത്രത്തിനാവശ്യമായ പല കാര്യങ്ങളും വ്യക്തമാക്കുന്നു. രാഷ്ട്രത്തിലെ എല്ലാവരും അറിഞ്ഞിരിക്കേണ്ട കുറ്റവാളികളെയും പ്രതിനിധികളെയും മറ്റു വ്യക്തികളെയും പരസ്യപ്പെടുത്തുന്നു. ഭാഷാ പുസ്തകങ്ങളിൽ ജീവികളെ വേർതിരിച്ചറിയാൻ ഫോട്ടോകളുടെ സഹായം ഉപയോഗപ്പെടുത്തുന്നു. സുഹൃത്തുക്കൾ അതുമുഖേന അഭിമുഖ ദർശനത്തിന്റെ ഫലമാസ്വദിക്കുന്നു. അവയിലൊന്നും ആരാധനയുടെയോ ബിംബപൂജയുടെയോ ലാഞ്ഛനയില്ല. ഫോട്ടോകളെയും ബഹുദൈവസ്മാരകങ്ങളെയും വന്ദിക്കുകയെന്ന ഉദ്ദേശ്യവുമില്ല. അതിനാൽ കടലാസുചിത്രങ്ങളെ വസ്ത്രങ്ങളിലെ ചിത്രങ്ങളോടാണ് സാദൃശ്യപ്പെടുത്താവുന്നത്.

ജീവനില്ലാത്ത വസ്തുക്കളുടെ ചിത്രങ്ങൾ അനുവദനീയമാണെന്ന് എല്ലാ കർമ്മശാസ്ത്ര പണ്ഡിതരും അഭിപ്രായപ്പെട്ടിരിക്കുന്നു. ജീവനുള്ളവയുടെതിൽ മാത്രമാണ് ചർച്ച. അതായത് അവരുടെ തന്നെ വ്യാഖ്യാനമനുസരിച്ച് ശരീരത്തിൽ ജീവനിടുകയാണെങ്കിൽ ജീവിക്കുന്നതായ ഏതെങ്കിലും ജീവികളുടെ സമ്പൂർണരൂപം. എന്നാൽ കടലാസിലോ വസ്ത്രങ്ങളിലോ വരക്കുന്ന സ്ഥൂലമല്ലാത്ത ചിത്രങ്ങൾ ഈ നിർവചനത്തിൽ പെടുന്നില്ല. അത് വെറും വർണവും വരകളുമാണ്. അതിലൊരു നിലക്കും ജീവൻ നൽകുക വയ്യ. ഇക്കാരണത്താലാണല്ലോ തല കളയുകയോ ഉടൽ വേർപെടുകയോ അരക്ക് താഴോട്ട് മുറിച്ചിടുകയോ ചെയ്ത രൂപങ്ങളും പ്രതിമകളും ഉപയോഗിക്കുന്നത് അനുവദനീയമാണെന്ന് ഹദീസുകളിലും ഫിഖ്ഹ് ഗ്രന്ഥങ്ങളിലും കാണുന്നത്.

അബൂഹുറൈറയിൽ നിന്ന് നസാഈ നിവേദനം ചെയ്യുന്നു: ഒരു ദിവസം ജിബ്‌രീൽ നബി(സ)യുടെ സന്നിധിയിൽ വന്നില്ല. കാരണമാരാഞ്ഞപ്പോൾ മനസ്സിലായി, വീട്ടിൽ രൂപങ്ങളും ചിത്രങ്ങളുമുണ്ടായിരുന്നുവെന്ന്. കൂടാതെ ഒരു നായയും. അന്നേരം മലക്ക് ഇങ്ങനെ നിർദേശിച്ചു:

'നിങ്ങളുടെ വീട്ടിൽ ചിത്രങ്ങളുള്ള ഒരു വിരിയുമുണ്ട്. അതിനാൽ ഒന്നുകിൽ അവയുടെ തലകൾ മുറിക്കുക, അല്ലെങ്കിൽ ചവിട്ടിനടക്കുന്ന വിരിപ്പായി ഉപയോഗിക്കുക."

ഇതേ സംഭവം തിർമുദിയും ഇബ്നു ഹിബ്ബാനും അസ്ഹാബുസ്സുനനും ഇങ്ങനെ റിപ്പോർട്ട് ചെയ്യുന്നു:

"വാതിൽക്കൽ പാവകളും ചിത്രങ്ങളുമുള്ള വിരിയുമുണ്ടായിരുന്നു.(നബിയോട് ജിബ്‌രീൽ പറഞ്ഞു.) വീട്ടുവാതിൽക്കലുള്ള പ്രതീകങ്ങളുടെ തലമുറിച്ച് മരം പോലെ നിർത്താനും വിരി ചീന്തി നിലത്തിട്ടുപയോഗിക്കുന്ന തലയണകളാക്കി മാറ്റുവാനും ആജ്ഞാപിക്കൂ." ഈ ഹദീസ് പ്രബലമാണെന്ന് തുർമുദിയും ഇബ്നുഹിബ്ബാനും പറയുന്നു.അതിലൂടെ രണ്ട് കാര്യങ്ങളാണ് സ്ഥിരപ്പെടുന്നത്. ഒന്ന്, പ്രതിമകളുടെയോ ചിത്രങ്ങളുടെയോ തലക്ക് താഴെയുള്ള ഭാഗം വേർപെടുത്തുകയാണെങ്കിൽ— അതില്ലാതെ ജീവിതം അസാധ്യമാണല്ലോ— അതനുവദനീയമാണ്. രണ്ട്, ജീവനുള്ള വസ്തുവെന്നതിന്ന് മുമ്പ് നല്കിയ നിർവ്വചനം ശരിയാണ്. 'ജീവനുള്ളത്' എന്നതിന്റെ വിവക്ഷ ജീവി

എന്നാണെങ്കിൽ മരം പോലെയാകുവാൻ അതിന്റെ തലമുറിക്കുകയെന്നുജിബ്രീൽ കൽപിച്ചതിന്റെ അർഥമെന്താണ്? തല വേർപെടുത്തിയാലും അത് ജീവിയുടെ ചിത്രമാണെന്ന് പറയാമല്ലോ.

ഇബ്നു ഹജർ നസാഇയുടെ ഈ റിപ്പോർട്ടുദ്ധരിച്ചുകൊണ്ടെഴുതുന്നു:

"വ്യത്യാസപ്പെടുത്താതെയും നിന്ദ്യമാക്കപ്പെടാതെയും സ്വസ്ഥാനത്ത് ഉയർന്നുനിൽക്കുന്ന ചിത്രങ്ങളുള്ളേടത്തേക്കാണ് മലക്കുകൾ പ്രവേശിക്കാതിരിക്കുക എന്ന അഭിപ്രായത്തിന് ഈ ഹദീസ് ആക്കം കൂട്ടുന്നു. പകുതി മുറിച്ചുകളഞ്ഞോ തല വേർപെടുത്തിയോ മാറ്റം വരുത്തിയ ചിത്രങ്ങൾ, നിന്ദിക്കപ്പെടട്ടെ അല്ലാതിരിക്കട്ടെ, നിഷിദ്ധമല്ല" (പേജ് 329).

ഈ വിശദീകരണത്തിൽനിന്ന്, അർദ്ധ ചിത്രങ്ങൾ അനുവദനീയമാണെന്ന് മനസ്സിലാവുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കർമ്മശാസ്ത്രകാരന്മാരുടെ അഭിപ്രായഭേദങ്ങളിൽ നിന്ന് രക്ഷപ്പെടാനും കൂടുതൽ സൂക്ഷ്മത പുലർത്തുവാനും ആവശ്യം വരുമ്പോൾ 'ഹാഫ്ടോൺ' ഫോട്ടോകളും ചിത്രങ്ങളും എടുക്കുന്നതായിരിക്കും നല്ലത്. എങ്കിൽ സകലവിധ നിഷിദ്ധ ഭീതികളിൽനിന്നും മുക്തമാവാം.

ഇക്കാലത്ത് യൂറോപ്യൻ സംസ്കാരത്തിന്റെ സ്വാധീനഫലമായി മുറികൾ ചിത്രങ്ങൾക്കൊണ്ടലങ്കരിക്കുന്ന സമ്പ്രദായം മുസ്‌ലിംകളിലും സാർവ്വത്രികമായിത്തീർന്നിട്ടുണ്ട്. ഇത് മിക്ക ഇമാമുകളുടെ ഫുഖഹാക്കളുടെയും ഹദീസുപണ്ഡിതരുടെയും വീക്ഷണത്തിൽ ഇസ്‌ലാമിക നിയമങ്ങൾക്കെതിരാണെന്ന് മുൻ വിശദീകരണത്തിൽനിന്ന് സ്പഷ്ടമായിരിക്കുന്നു. അമുസ്‌ലിം ആരാധനാലയങ്ങളോടും ക്രിസ്ത്യൻ പള്ളികളോടും സാദൃശ്യം വരുന്നുണ്ടവിടെ. അനുഗ്രഹത്തിന്റെ മലക്കുകൾ അത്തരം ഗൃഹങ്ങളിൽ പ്രവേശിക്കുകയുമില്ല. പ്രത്യേകിച്ചും ചില ആധുനിക വിദ്യാസമ്പന്നരായ ചെറുപ്പക്കാർ ലജ്ജാവഹമായ നഗ്ന ചിത്രങ്ങൾകൊണ്ട് മുറികൾ അലങ്കരിക്കുന്നത് കാണുമ്പോൾ സംസ്കാരത്തിന്റെ കണ്ണുകൾ സ്വയം ലജ്ജിതമാകുന്നു.

മുസ്‌ലിംകൾ അത്യുജ്ജ്വലമായ ഒരു സംസ്കാരത്തിന്റെ വിധാതാക്കളായിരുന്നു. അതിന്റെ സ്മാരകങ്ങൾ പഴയ വീടുകളിൽ ഇന്നും കാണാം. അവരും തങ്ങളുടെ കോട്ടകളും കൊട്ടാരങ്ങളും അലങ്കരിച്ചിരുന്നു. പക്ഷെ, എന്തുകൊണ്ട്? ഉപകാര പ്രദമായ ഉപദേശങ്ങൾ, ആകർഷകമായ ആപ്തവാക്യങ്ങൾ, പ്രിയംകരമായ പ്രവാചക സൂക്തങ്ങൾ എന്നിവകൊണ്ട്. ഖുർആനിക വാക്യങ്ങളുടെ കമനീയമായ കയ്യെഴുത്തുകൾ ഇന്നും വളരെ വിലപിടിച്ചതാണ്. പുരാതന പുസ്തകങ്ങൾ വില്ക്കുന്നവരിൽനിന്ന് ആയിരവും രണ്ടായിരവും വിലകൊടുത്ത് യൂറോപ്യർ അവ വാങ്ങി വെക്കുന്നു. കണ്ണെടുത്താലും ദൃഷ്ടികൾക്ക് മുന്നിൽ യോഗ്യനായ ഒരദ്ധ്യാപകന്റെ ശബ്ദവും സ്വരവും അവ കേൾപ്പിക്കുന്നു എന്നതാണ് അലങ്കരണത്തിന്നും സൗന്ദര്യത്തിന്നും പുറമെ അവയുടെ പ്രയോജനം. ഒരാദർശ സൂക്തമായി അവ നമ്മുടെ ബാധ്യതകൾ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു.

പ്രതീകങ്ങളിൽ രണ്ടെണ്ണം മാത്രമാണ് അനുവദനീയം. ആഇശ(റ)യുടെ പാവകളെയും ചിറകുകളുള്ള കുതിരയെയും പറ്റി പറയുന്ന ഹദീസിൽനിന്ന്, കുട്ടികളുടെ കളിവിനോദങ്ങൾക്കുപയോഗിക്കുന്ന രൂപങ്ങൾ അനുവദനീയമാണെന്ന നിഗമനത്തിലെത്താം. പ്രതിമകളുടെ തലമുറിച്ചുകൊണ്ട് അവ ഉപയോഗിക്കാൻ അനുവദിക്കുന്ന, അബൂഹുറൈറയുടെ ഹദീസിൽനിന്ന് അർദ്ധകായ പ്രിതിമകളും അനുവദനീയമെന്ന സിദ്ധിക്കുന്നു.'ഹിദായ' യിലും മറ്റും വ്യക്തമാക്കിയപോലെ, കുറച്ചു ദൂരെനിന്ന് നോക്കിയാൽ കാണാൻ കഴിയാത്ത ചെറിയ ചിത്രങ്ങളും പ്രതിമകളും അനുവദനീയമാണ്.

ഇന്നാരും ബിംബങ്ങളെ പൂജിക്കുന്നില്ലെന്നും ലോകത്ത് ബിംബാരാധനയുടെ പ്രചാരമില്ലെന്നും പറഞ്ഞുകൊണ്ട് പൂർണ്ണകായ പ്രതിമകൾ അനുവദനീയമാണെന്ന് മനസ്സിലാക്കുന്നവരുണ്ട്. യഥാർഥത്തിൽ ദൈവങ്ങളോടുള്ള ആരാധനാഭാവം കുറഞ്ഞുകൊണ്ടിരിക്കുകയാണെന്നത്, ജനങ്ങൾ ചിന്തിച്ചും ആലോചിച്ചും ബഹുദൈവത്വത്തിന്റെയും ബിംബാരാധനയുടെയും ദൂഷ്യങ്ങൾ ഗ്രഹിച്ച ശേഷമാണ് അത് ഉപേക്ഷിച്ചിരിക്കുന്നത് എന്നതിന് തെളിവല്ല. ഇന്ന് പൊതുവെ മതത്തോടുതന്നെ വിരക്തി വർദ്ധിച്ചു വരികയാണ്. അതിനാൽ അഭ്യസ്തവിദ്യരായ ഹിന്ദുക്കളും ക്രൈസ്തവരും ബിംബാരാധന വർജ്ജിച്ചിരിക്കുന്നു. പക്ഷെ, ആധുനിക നാഗരികതക്ക് മുമ്പ് നിലനിന്നിരുന്ന അതേ ആവേശത്തോടെത്തന്നെ ബിംബാരാധനയുടെ അടയാളങ്ങൾ വിദ്യാഹീനരായ ഹിന്ദു വിഭാഗങ്ങളിലും റോമൻ കത്തോലിക്കരിലും ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നതാണ് സത്യം.

അവസാനമായി ഒരു സുപ്രധാന പ്രശ്നം കൂടി. മുസ്‌ലിംകൾക്ക് ചിത്രങ്ങളും പ്രതിമകളും നിർമ്മിക്കാൻ പാടുണ്ടോ? ഫോട്ടോഗ്രാഫി ചിത്രരചനയിൽ പെടുമോ? ജീവനുള്ളവയുടെ ചിത്രം വരക്കുന്നതും ബിംബം നിർമ്മിക്കുന്നതും ഒരു മുസ്‌ലിമിന്നും ഒരു കാലത്തും അനുവദനീയമല്ലെന്നാണ് ഈ വിഷയകമായി വന്ന ഹദീസുകളും മഹദ്വചനങ്ങളും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലെ പരാമർശങ്ങളുമെല്ലാം പരിശോധിക്കുമ്പോൾ മനസ്സിലാവുന്നത്. പുഷ്പം, വൃക്ഷം, വീട്, പർവ്വതം, പുഴ, ഇതര പ്രകൃതി ദൃശ്യങ്ങൾ എന്നിവയുടെ ചിത്രീകരണവും രൂപ നിർമ്മാണവും തികച്ചും അനുവദനീയമാണ്.

ചിത്രകാരന്മാർക്ക് നബി(സ) കനത്ത ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നല്കിയ കുറെ ഹദീസുകൾ മുമ്പ് ഉദ്ധരിച്ചുവെങ്കിലും ഇതുസംബന്ധിച്ച കുറെക്കൂടി ഹദീസുകൾ താഴെകൊടുക്കുന്നു. സഹീഹ് മുസ്‌ലിമിലും മറ്റും ഇങ്ങനെ കാണാം: ഒരാൾ ഇബ്നു അബ്ബാസിന്റെ മുന്നിൽ വന്നു, തന്റെ ജോലി ചിത്രരചനയാണെന്നും അതുകൊണ്ടാണ് ഉപജീവനം കഴിയുന്നതെന്നും പറയുകയും ഇത് പാടുണ്ടോ എന്നന്വേഷിക്കുകയും ചെയ്തു. അദ്ദേഹം ആഗതനോട് അടുത്തുവരാൻ പറയുകയും നബി(സ) ഇങ്ങനെ പറയുന്നത് ഞാൻ കേട്ടുവെന്ന് അറിയിക്കുകയും ചെയ്തു:

"എല്ലാ ചിത്രകാരന്മാരും നരകത്തിലായിരിക്കും. അവൻ നിർമ്മിച്ച എല്ലാ ചിത്രങ്ങൾക്കും ജീവൻ നൽക്കുകയും അവ നരകത്തിൽവെച്ച് അവനെ ശിക്ഷിക്കുകയും ചെയ്യും."

ഇബ്നു അബ്ബാസ് പിന്നീട് പറഞ്ഞു:

"നിനക്ക് ചെയ്തേ തീരൂ എങ്കിൽ മരമോ മറ്റു ജീവനില്ലാത്തതോ നിർമ്മിക്കുക."

മുസ്‌ലിമിബ്നു സബീഹും മസ്റൂഖെന്ന താബിഈയും ചിത്രങ്ങളുള്ള ഒരു വീട്ടിൽ ഇരിക്കയായിരുന്നു. ഇത് കിസ്റായുടെ ചിത്രങ്ങളാണെന്ന് മസ്റീഖ് പറഞ്ഞു. ഇത് മറിയമിന്റെ ചിത്രങ്ങളാണെന്നായിരുന്നു മുസ്‌ലിമിമുബ്നു സബീഹിന്റെ പക്ഷം. മസ്റൂഖ് പറഞ്ഞു: ശ്രദ്ധിക്കുക. തിരുമേനി

ഇങ്ങനെ പറഞ്ഞതായി അബ്ദുല്ലാ ഹിബ്നു മസ്ഊദ് ഉദ്ധരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്:

"അന്ത്യനാളിൽ ഏറ്റവും കനത്ത ശിക്ഷ ചിത്രകാരന്മാർക്കായിരിക്കും." (സഹീഹൈനി)

"ഏറ്റവും കനത്ത ശിക്ഷ" എന്ന താക്കീത് ബഹുദൈവാരാധനാപരമായ ചിത്രങ്ങൾ വരക്കുന്നവർക്കാണെന്ന് ലേഖനത്തിന്റെ ആദ്യത്തിൽ പറഞ്ഞത് ഓർക്കുന്നുണ്ടാവും. എങ്കിലും ശിക്ഷയുടെ വ്യാപ്തിയിൽനിന്ന് പൊതുവെ ചിത്രകാരന്മാരും മുക്തരല്ല.

അബൂഹുറൈറ ഒരിക്കൽ മദീനയിൽ മർവാന്റെ വീട്ടിൽ പോയി. അതിൽ ചിത്രങ്ങളുള്ളതായോ ചിത്രങ്ങൾ വരക്കുന്നതായോ കണ്ടു. തിരുമേനി ഇവ്വിധം അരുളുന്നത് ഞാൻ കേട്ടുവെന്ന് അദ്ദേഹം പറഞ്ഞു:

"എന്റെ സൃഷ്ടികളെപ്പോലുള്ളവ നിർമ്മിക്കാൻ ഒരുങ്ങുന്നവനേക്കാൾ അക്രമിയാര്? എങ്കിലവൻ വല്ല അണുവെയോ ധാന്യത്തെയോ സൃഷ്ടിക്കട്ടെ എന്ന്അല്ലാഹു പറയുന്നു." (സഹീഹൈനി)

നബി(സ) യുടെ മരണത്തിനു ശേഷം സന്ദർഭാനുസൃതം സഹാബികൾ ഉദ്ധരിച്ച ചില ഹദീസുകൾ ഇവിടെ ഉദ്ദേശ്യപൂർവ്വം ചേർത്തത്, നിയമം ദുർബ്ബലപ്പെടുത്തിയിരിക്കുന്നു എന്ന സംശയം ആർക്കും ഇല്ലാതിരിക്കാനാണ്.

ഫോട്ടോഗ്രാഫി ചിത്രരചന തന്നെയാണോ എന്നതാണ് ഏറ്റവും അവസാനത്തെ പ്രശ്നം. ഫോട്ടോഗ്രാഫർക്ക് ചിത്രകാരനെന്ന് പ്രയോഗിക്കാമോ? ഫോട്ടോ എടുക്കുന്നതും കുറ്റകരമാണോ? മുന്നോട്ട് പോകുന്നതിനു മുമ്പ് ഞാനൊരു സംഭവം വിവരിക്കാം. ജനാബ് ബാബുനിസാമുദ്ദീൻ സാഹിബിന്റെ വീട്ടിൽ ഒരു ഫോട്ടോ വെച്ചിരുന്നു. ഇതിനെ പറ്റി ഒരാൾ ആക്ഷേപം പറഞ്ഞു. അദ്ദേഹത്തിന്റെ പ്രത്യുക്തി ഇതായിരുന്നു. '..........ഫോട്ടോ അനുവദനീയമാണെന്ന് 'ഫത്വ' നൽകിയിട്ടുണ്ട്.' അദ്ദേഹം അടുത്തു ചെന്നു നോക്കുമ്പോൾ അതിൽ താഴെ പറയുന്ന, തലപ്പാവും, ജുബ്ബയുള്ളവരെകണ്ടു. അല്ലാമാ സയ്യിദ് റശീദ് റിളാ, മൗലാനാ ശിബ്‌ലി അമാനി, മൗലാനാ സയ്യിദ് അബുൽ ഹയ്യ്(നാസിം, നദ്‌വത്തുൽ ഉലമാ), മൗലാനാ അബുൽ കലാം, മൗലാനാ ഹബീബുറഹ്മാൻ ഖാൻ, സയ്യിദ് സുലൈമാൻ.

ഇന്ന് മുസ്‌ലിം ലോകത്തിലെ പുരോഗമനാശയക്കാരായ (പുരോഗമനാശയം ജഡ്ജി പദവിക്കെതിരാവാതിരിക്കുക എന്ന ഉപോധിയോടെ) പണ്ഡിതരെല്ലാം അഭിപ്രായപ്പെടുന്നത്, ഫോട്ടോഗ്രാഫി ചിത്രമെഴുത്തല്ലെന്നും ഫോട്ടോവിന് ചിത്രമെന്ന് പ്രയോഗിക്കാവതല്ലെന്നുമാണ്. ഇക്കാരണത്താൽ തന്നെയാണ് ഈജിപ്ത്, മൊറോക്കോ, ഇറാൻ, കോൺസ്റ്റാന്റിനോപ്പിൾ എന്നിവിടങ്ങളിലുള്ള മഹാന്മാരും തലപ്പാവുകാരും കടലാസു വസ്ത്രങ്ങളണിഞ്ഞ് ഇന്ത്യയിൽ ചുറ്റി നടക്കുന്നത്.

യഥാർഥത്തിൽ ഫോട്ടോഗ്രഫി ഒരു പ്രതിബിംബമാണ്. കണ്ണാടി, വെള്ളം മറ്റു നേരിയ സാധനങ്ങൾ എന്നിവയിൽ സാധനങ്ങൾ പ്രതിബിംബിച്ചു കാണുന്നത് ആരും തെറ്റായി ഗണിക്കാറില്ല. അതേപോലെ ഫിലിമുകളിൽ രൂപങ്ങൾ പ്രതിബിംബിക്കുന്നു. കണ്ണാടിയിലെയും മറ്റും പ്രിതിബിംബങ്ങൾ നിലനിർത്താൻ കഴിയില്ല. ഫോട്ടോ അത് നിലനിർത്തുന്നു എന്ന വിത്യാസം മാത്രം. ഫോട്ടോഗ്രാഫർ ചിത്രകാരനെപ്പോലെ അവയവങ്ങൾ നിർമ്മിക്കുന്നില്ല. മാത്രമല്ല ഫോട്ടോ ആരാധനക്ക് പ്രയോജനപ്പെടുകയില്ല എന്നതാണ് പ്രധാന വസ്തുത. എന്നിരുന്നാലും ഹാഫ്ടോൺ ഫോട്ടോകളെടുക്കുകയും എടുപ്പിക്കുകയും ചെയ്യുന്നതായിരിക്കും കൂടുതൽ സൂക്ഷ്മതയുടെയും ഭക്തിയുടെയും മാർഗം. യഥാർഥത്തിൽ മുകൾഭാഗംകൊണ്ടാണല്ലോ ആളെ തിരിച്ചറിയുന്നത്. ഫോട്ടോവിന്റെ ഉദ്ദേശ്യവും അതാണ്.

●